# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ-കെ.എം(എം.2)80/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി

സർ,

**വിഷയം : തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)ഡയറക്ടർ,നഗരകാര്യവകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4)ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ്,എറണാകുളം.
5)ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ഇ-കെ.എം(എം.2)80/24 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാംകുട്ടി റ്റി എൽ | ജോയിന്റ് ഡയറക്ടർ | 08-01-2024 | 20-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.റസിയാബീവി.ജെ, ഓഡിറ്റ് ഓഫീസർ

ശ്രീ.ധീരജ്.ജെ, ഓഡിറ്റ് ഓഫീസർ

ശ്രീ.ഹരീഷ്ബാബു എൻ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി പുഷ്പ.ആർ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജോസഫ് ജോർജ്ജ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനീഷ്.ടി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ സന്തോഷ് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ അഭിലാഷ് കുമാർ.എച്ച് | സെക്രട്ടറി | 01-04-2022 | 07-12-2022 |
| ശ്രീ ഓംപ്രകാശ് ബി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2022 | 24-02-2023 |
| ശ്രീ സുഗതകുമാർ എം | സെക്രട്ടറി | 25-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഓംപ്രകാശ്.ബി.ആർ | മുനിസിപ്പൽ എൻജിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സോണിയ.കെ.പി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി വിജയകുമാരി.സി.എ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിനിമോൾ ജോസഫ് | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി ഹരിത | ക്ഷീരവികസന ഓഫീസർ | 01-06-2022 | 31-03-2023 |
| ഡോ ലൗസി | സീനിയർ വെറ്റനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ സുമി.സി.ആർ | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.മഞ്ജു മാത്യൂസ് | വെറ്റനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി എയ്ഞ്ചൽ ജിൻസി | ICDS സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ ഷാഹിന.സി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 12-02-2023 |
| ഡോ രജീഷ | ഹോമിയോ മെഡിക്കൽ ഓഫീസർ | 13-02-2023 | 31-03-2023 |
| ശ്രീ വി കെ അബ്ദുൾ നാസ്സർ | കൃഷി ഫീൽഡ് ഓഫീസർ (തിരുവാങ്കുളം) | 01-04-2022 | 31-03-2023 |
| ശ്രീമതി ഫസീറമോൾ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ കാതറിൻ സുശീൽ പീറ്റർ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 10-08-2022 |
| ഡോ. ഷെഫീക്ക് | ജൂനിയർ കൺസൽട്ടന്റ് (സൂപ്രണ്ട് ഇൻ ചാർജ്) | 11-08-2022 | 16-08-2022 |
| ഡോ സുമ സി | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 17-08-2022 | 31-03-2023 |
| ശ്രീ.മീരാൻകുഞ്ഞ് ഇ.എം. | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യലഘൂകരണ സെൽ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ കൃത്യമല്ല. | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ബാലൻസുകൾ കൃത്യമല്ല. | 1-1-3 |
| 5 | കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് അടയ്ക്കേണ്ട തുകകൾ ബാദ്ധ്യതയായി നിലനിൽക്കുന്നു | 1-1-4 |
| 6 | നഗരസഭയുടെ വായ്പാവിവരങ്ങൾ ആധികാരികമല്ല. | 1-1-5 |
| 7 | ആസ്തികളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനത് വരുമാന അവലോകനം | 1-11 |
| 18 | വരവിനങ്ങളിലെ കുടിശ്ശിക | 1-12 |
| 19 | പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയില്ല | 1-13 |
| 20 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 21 | ലൈസൻസ് അപാകതകൾ | 1-15 |
| 22 | തൊഴിൽ നികുതി കുറവായി അടവാക്കി | 1-16 |
| 23 | തൊഴിൽ നികുതി അപാകതകൾ -തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 24 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് | 1-18 |
| 25 | ടി.കെ.രാമകൃഷ്ണൻ മുനിസിപ്പൽ മാൾ പ്രവർത്തനരഹിതമായി കിടക്കുന്നു. | 1-19 |
| 26 | സാമൂഹ്യസുരക്ഷാപെൻഷൻ | 1-20 |
| 27 | വയോമിത്രം പദ്ധതി - വിനിയോഗ രേഖകളില്ല. | 1-21 |
| 28 | നഗരസഭയുടെ അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ള റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല. | 1-22 |
| 29 | പി.എം.എ.വൈ ഭവന നിർമ്മാണം-വർഷങ്ങൾക്ക് മുമ്പ് അഡ്വാൻസ് കൈപ്പറ്റിയവർ ഇതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-23 |
| 30 | നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകൾ–ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നില്ല. | 1-24 |
| 31 | നഗരസഭയുടെ ബാങ്ക് നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമല്ല – അക്കൗണ്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല . | 1-25 |
| 32 | ഹരിതമിത്രം- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം–നടപടികൾ പൂർത്തിയാക്കിയിട്ടില്ല | 1-26 |
| 33 | നഗരസഭയുടെ സ്ഥിരനിക്ഷേപങ്ങൾ -പലിശനിരക്കിൽ വലിയ അന്തരം. | 1-27 |
| 34 | മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-28 |
| 35 | സ്ട്രീറ്റ് ടാപ്പ് രജിസ്റ്ററോ, സംയുക്ത പരിശോധനാ റിപ്പോർട്ടോ ഇല്ലാതെ വാട്ടർചാർജ്ജിനത്തിൽ വലിയ തുക അടവാക്കുന്നു | 1-29 |

| | | |
|---|---|---|
| 36 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-30 |
| 37 | വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതിവിഭാഗം) -പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല. | 1-31 |
| 38 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം-അപാകതകൾ | 1-32 |
| 39 | മാലിന്യനീക്കത്തിന് വാഹനം വാടകക്ക് എടുക്കുന്നതിലെ അപാകങ്ങൾ | 1-33 |
| 40 | മാലിന്യസംസ്കരണ കിയോസ്ക്- സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-34 |
| 41 | ഹോമിയോ മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ ലഭ്യമായിട്ടില്ല. | 1-35 |
| 42 | മോനിപ്പിള്ളി കല്ലുവെച്ചകാട് റോഡ് കട്ട വിരിക്കൽ പ്രവൃത്തി (വാർഡ്-34) – നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-36 |
| 43 | ഗസരിനഗർ ചിറ്റേടത്ത് പറമ്പ് റോഡും കുഴിയാന റോഡും കട്ട വിരിക്കലും കാന നിർമ്മാണവും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ | 1-37 |
| 44 | ടാറിംഗ് റോഡ് റീടാറിംഗ് ചെയ്യാതെ ടാറിംഗ് പൊളിച്ച് മാറ്റിചെലവേറിയ കോൺക്രീറ്റ് കട്ട വിരിക്കുന്ന പ്രവൃത്തി നടത്തുന്നു. | 1-38 |
| 45 | ടേക്ക് എ. ബ്രേക്ക്- പദ്ധതി നിർവ്വഹണത്തിൽ അപാകത. | 1-39 |
| 46 | അഗതിരഹിത കേരളം പദ്ധതി - വിനിയോഗ രേഖകളില്ല. | 1-40 |
| 47 | അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിച്ചിട്ടില്ല | 1-41 |
| 48 | ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-42 |
| 49 | നഗരസഭയുടെ വായ്പാ കണക്കുകൾ കൃത്യമല്ല - ബാധ്യത കണക്കാക്കിയതിന് വ്യക്തതയില്ല | 1-43 |
| 50 | ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം: അപാകതകൾ | 1-44 |
| 51 | തനത് ഫണ്ടിൽ നിന്നും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിലേക്ക് നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല | 1-45 |
| 52 | നൈപുണ്യ നഗരം ഡിജിറ്റൽ സാക്ഷരതാപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-46 |
| 53 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അപാകതകൾ | 1-47 |
| 54 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-48 |
| 55 | നഗരസഭാ കാര്യാലയത്തിലേക്ക് സോളാർ ഇൻവർട്ടർ ബാറ്ററി വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-49 |
| 56 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-50 |
| 57 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-50-1 |
| 58 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-50-2 |
| 59 | അങ്കണവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ–അധിക തുക നൽകി | 1-51 |
| 60 | പ്രഭാത ഭക്ഷണം- പ്രത്യേക അക്കൗണ്ടിൽ തുക സൂക്ഷിക്കുന്നില്ല | 1-52 |
| 61 | ബയോഗ്യാസ് പ്ലാന്റ്-പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-53 |
| 62 | ടെണ്ടർ ഫീസ് നാളിതുവരെ നഗരസഭാ ഫണ്ടിലേയ്ക്ക് വരവ് വന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-54 |
| 63 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ട പൊതു ന്യൂനതകൾ. | 1-55 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അങ്കണവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ–അധിക തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1.തൃപ്പൂണിത്തുറ** മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **14.07.2023** ലെ **1-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **15.07.2023** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **തൃപ്പൂണിത്തുറ** മുനിസിപ്പാലിറ്റിയുടെ **2022-23** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 20.03.2024

**ജോയിന്റ് ഡയറക്ടർ**

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ കൃത്യമല്ല.

നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തനത്ഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള തുകകളിൽ പലതിന്റേയും ഇനം, പാർട്ടി, ചെക്ക് നം & തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ തുകകളുടെ ആധികാരിത പരിശോധിക്കാനാകാത്ത സ്ഥിതിയുണ്ട്.

**1-1-3 വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ബാലൻസുകൾ കൃത്യമല്ല.**

വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ റ്റി.എസ്.ബി, എസ്.ബി.ഐ. ടോട്ടൽ സാനിട്ടേഷൻ അക്കൗണ്ടുകൾക്ക് വർഷങ്ങളായി സ്റ്റേറ്റ്മെന്റോ പാസ്സ്ബുക്കോ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ അക്കൗണ്ടുകളുടേതായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

**1-1-4 കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് അടയ്ക്കേണ്ട തുകകൾ ബാദ്ധ്യതയായി നിലനിൽക്കുന്നു**

നഗരസഭയുടെ 2022-23 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേയ്ക്ക് അടയ്ക്കേണ്ട വിവിധ തുകകൾ B-9 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് അടയ്ക്കേണ്ട തുകകൾ ഇപ്രകാരം ബാദ്ധ്യതയായി നിലനിൽക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും, അദർ റിക്കവറീസ്, അദേഴ്സ് പേയബിൾ, റീഫണ്ട് പേയബിൾ എന്നീ ഇനങ്ങൾ ഏതിനത്തിലെ ബാദ്ധ്യതയാണെന്ന് വ്യക്തമാക്കേണ്ടതുമാണ്. ലൈബ്രറിസെസ്സ്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്നിവയ്ക്ക് അടയ്ക്കാനുള്ള തുകകൾ അടയ്ക്കാതിരിക്കുന്നത് സെക്രട്ടറിയുടെ മാത്രം ബാദ്ധ്യതയായിരിക്കുന്നതാണ്. അപാകതകൾക്ക് ഉചിതമായ മറുപടി നൽകുവാൻ ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം.17/17.01.2024)വിശദീകരണം ലഭിച്ചില്ല.

| ഇനം | തുക (₹) |
|---|---|
| ഓഡിറ്റ് റിക്കവറി | 2,12,167 |
| ലൈബ്രറി സെസ്സ് | 49,13.173 |
| വാറ്റ് | 5,51,757 |
| സർവീസ് ടാക്സ് | 4,60,267 |
| സി ജി എസ് റ്റി | 10,29,760 |
| എസ് ജി എസ് റ്റി | 10,29,760 |
| ഫ്ലഡ് സെസ്സ് | 51,251 |
| അദേഴ്സ് പേയബിൾ | 17,889,866 |
| റിഫണ്ട് പേയബിൾ-അദേഴ്സ് | 13,236 |

**1-1-5 നഗരസഭയുടെ വായ്പാവിവരങ്ങൾ ആധികാരികമല്ല.**

നഗരസഭയുടെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വായ്പാ കണക്കുകൾ സംബന്ധിച്ച ആധികാരിക രേഖകളൊന്നും നിലവിലില്ല. വായ്പാബാധ്യതയായി (ഹെഡ് 330200300 ലെ 608100/-, ഹെഡ് 331200100 ലെ 142155/-) ചേർത്തിരിക്കുന്ന തുക വർഷങ്ങളായി അതേപടി തുടർന്നുവരുകയാണ്. ബാധ്യത ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ഉണ്ടെങ്കിൽ നിലവിൽ വായ്പാ ബാധ്യത എത്രയാണ് എന്നീ കാര്യങ്ങൾ പരിശോധിക്കുവാനാവശ്യമായ കത്തിടപാടുകളോ സ്റ്റേറ്റ്മെന്റോ നിലവിലില്ല. വായ്പ നൽകിയ സ്ഥാപനം വർഷങ്ങളായി തുക ഡിമാന്റ് ചെയ്തിട്ടുമില്ല. ഈ കാരണങ്ങളാൽ വായ്പ മുഴുവൻ അടച്ചുതീർത്തതിനാലോ എഴുതി തള്ളിയതിനാലോ ആണോ ഡിമാന്റ് ചെയ്യപ്പെടാത്തത് എന്ന കാര്യവും വ്യക്തമല്ല. വായ്പാ ബാധ്യത സംബന്ധിച്ച വിശദമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-6 ആസ്തികളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.**

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം അദർ റിസീവബിൾസ് ഹെഡിൽ (431409901 &431409902) യഥാക്രമം ₹3,18,10,102/-, ₹8,39,08,204/- എന്നിങ്ങനെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഏത് ഇനത്തിൽ, ആരിൽ നിന്നുമാണ്

ലഭിക്കുവാനുള്ളത് എന്ന വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ തുകകളുടെ ആധികാരിത, കൃത്യത എന്നിവ ഉറപ്പാക്കാനായിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 29.03.2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| പ്രാരംഭ ബാക്കി | ₹444273569 |
| വരവ് | ₹777183292 |
| ആകെ | ₹1221456861 |
| ചെലവ് | ₹766310873 |
| നീക്കിയിരിപ്പ് | ₹455145988 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹403994960.33 |
| വരവ് | ₹545640196.00 |
| ആകെ | ₹949635156.33 |
| ചെലവ് | ₹459531131.00 |
| നീക്കിയിരിപ്പ് | ₹490104025.33 |

വാർഷിക ധനകാര്യപത്രികയിലെ വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധികാരികമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കണക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റിനങ്ങളുടെ ഉൾപ്പെടെയുള്ള വരവ്-ചെലവ് തുടർ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 89471000 | 89471000 | 61302787 | 0 | 28168213 |
| വികസനഫണ്ട് എസ്.സി.പി. | 0 | 43046000 | 43046000 | 37677926 | 0 | 5368074 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 25723000 | 25723000 | 18499406 | 0 | 7223594 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 33810000 | 33810000 | 23147770 | 0 | 10662230 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ട്രഷറി) | 0 | 10729643 | 10729643 | 10703782 | 0 | 25861 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Pfms) | 8973673 | 15553000 | 24528673 | 21913897 | 2614776 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ട്രഷറി) | 0 | 7739817 | 7739817 | 2493458 | 0 | 5246359 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied Pfms) | 2647839 | 10641224 | 13289062 | 14297308 | -1008246 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് 320802000 | 0 | 13504918 | 13504918 | 0 | 13504918 | 0 |

സർക്കാർ ഉത്തരവ് പ്രകാരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക കൂടി ഉൾപ്പെടുത്തിയാണ് ഗ്രാന്റുകളുടെ വരവ് ചെലവുകൾ കണക്കാക്കിയിട്ടുള്ളത്.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 432 | 409759879 | 267 | 215111966 | 52 | 113 | 62% |

**1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ/ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 1137889 | 7480619 | 8618508 | 7894881 | 723627 |
| ആകെ | 1137889 | 7480619 | 8618508 | 7894881 | 723627 |

**1-7 ക്ഷേമ പദ്ധതികൾ**

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5061100 | 439 |
| വിധവാപെൻഷൻ | 28605400 | 2654 |
| വാർദ്ധക്യകാലപെൻഷൻ | 59793500 | 5792 |
| വികലാംഗപെൻഷൻ | 5795200 | 526 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2260000 | 203 |
| വിവാഹ ധനസഹായം | 240000 | 08 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.01.2024 തീയതിയിൽ ഉച്ചയ്ക്ക് 3 മണി സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹66175/-യുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

മുനിസിപ്പാലിറ്റിയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എന്നിരുന്നാലും പ്രധാന തനത് വരവിനങ്ങളുടെ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം സംഗ്രഹം എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. നഗരസഭയിൽ സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല. വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഫലപ്രദമായ മോണിറ്ററിംഗ് നടന്നിട്ടില്ല എന്നതാണ്

ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. നഗരസഭയുടെ ലൈസൻസ് അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.02.2016-05.02.2016 | 2013-14-2015-16 | 26.02.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2021 – 11.11.2021 | 01.04.2019 – 30.09.2021 | 01.01.2022 |

## 1-11 തനത് വരുമാന അവലോകനം

ആറാമത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം തൃപ്പൂണിത്തുറ നഗരസഭയുടെ തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്, വാടക, വസ്തുനികുതി, വിനോദ നികുതി, ലേലം എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി /നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും നഗരസഭ ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**കെട്ടിട നികുതി**

നഗരസഭ പരിധിയിൽ തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി അവ കണ്ടെത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ കണ്ടെത്തേണ്ടതാണ്.

ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

**തൊഴിൽ നികുതി**

വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് നഗരസഭ തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി വരുമാന വരുമാന ചോർച്ച ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**FTEA&OS ലൈസൻസ്**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഫീൽഡ് പരിശോധന നടത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും, മൂലധന നിക്ഷേപത്തിനനുസൃതമായി ഫീസ് ഈടാക്കേണ്ടതുമാണ്.

**റെഗുലറൈസേഷൻ ഫീസ്**

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയതിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നിരവധി അപേക്ഷകൾ ലഭിക്കുകയുണ്ടായി. നഗരസഭയിൽ അനധികൃതനിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബിൽഡിംഗ് റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ വർദ്ധനവിന് ശ്രദ്ധിക്കേണ്ടതാണ്.

**ടൂറിസം മേഖലയിലെ വരുമാനം**

നഗരസഭയുടെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനാകുമോയെന്ന് പരിശോധിക്കേണ്ടതാണ്.

നഗരസഭയുടെ ദൈനംദിന ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് തനത് വരുമാനത്തെയാണ്. വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, മറ്റ് വരുമാനങ്ങൾ ഇവയിൽ നിന്നു നഗരസഭയ്ക്ക് ലഭിക്കുന്ന വരുമാനം കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതും വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/ തസ്വഭവ തീയതി 19/04/2022 യിലെ ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-12 വരവിനങ്ങളിലെ കുടിശ്ശിക**

നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന കുടിശ്ശിക തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/10.1.24 ന് സെക്രട്ടറി നൽകിയ മറുപടിയിൽ കുടിശ്ശിക തുക ഈടാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതും കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കേണ്ടതുമാണ്.

| ക്രമ നമ്പർ | നികുതി ഇനം | 31-3-2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക | |
|---|---|---|---|
| | | തൻവർഷം | അരിയർ |
| 1 | വസ്തുനികുതി | ₹ 23084580 | ₹ 18187395 |
| 2 | തൊഴിൽനികുതി ട്രേഡേഴ്സ് / ഇൻസ്റ്റിറ്റ്യൂഷൻ | - | ₹ 1717900 |
| 3 | വാടക | ₹3536152 | ₹3114698 |

| | | | |
|---|---|---|---|
| 4 | ലൈസൻസ് ഫീ | ₹260500 | ₹ 84605 |
| 6 | സർചാർജ്ജ് (Property Tax) | ₹ 9490 | ₹ 229 |

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി മുനിസിപ്പാലിറ്റി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

**1-13 പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 43/19.1.24 നൽകിയതിനുള്ള മറുപടിയിൽ ആയതു പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാമെന്നറിയിച്ചിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് സംബന്ധിച്ച് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പ്രശാന്തി ക്ലിനിക്ക്, സ്റ്റാച്ച്യൂ ജം, തൃപ്പൂണിത്തുറ |
| 2 | ജെ.സി ക്ലിനിക്ക്, ഹോസ്പിറ്റൽ റോഡ്,തൃപ്പൂണിത്തുറ |
| 3 | വലിയ കുളങ്ങര ഡെന്റൽ ക്ലിനിക്, ഹിൽ പാലസ് റോഡ് |
| 4 | മദർസ് ഡെന്റൽ ഹോസ്പിറ്റൽ, ഇരുമ്പനം തൃപ്പൂണിത്തറ |
| 5 | അമൃത മെഡിക്കൽ സെന്റർ, ലയം റോഡ് |
| 6 | ആർസിഎം ആയുർവേദ ഹോസ്പിറ്റൽ, തൃപ്പൂണിത്തറ |
| 7 | ശ്രീധന്വന്തരി ആയുർവേദിക് ക്ലിനിക്, ഫാക്ട് നഗർ, തൃപ്പൂണിത്തറ |
| 8 | പാലാഴി ആയുർവേദ ചികിത്സാലയം, വടക്കേ കോട്ട, തൃപ്പൂണിത്തറ |
| 9 | ലക്ഷ്മി ആയുർവേദ ഹോസ്പിറ്റൽ, എസ് എൻ ജംഗ്ഷൻ |
| 10 | സ്പെഷ്യാലിറ്റി ബയോ ലാബ്, സ്റ്റാച്യൂ ജംഗ്ഷൻ തൃപ്പൂണിത്തറ |
| 11 | മെഡിവിഷൻ ലാബ്, തൃപ്പൂണിത്തറ |
| 12 | പാസ്റ്റർ ലാബ്, ഈസ്റ്റ് ഫോർട്ട് തൃപ്പൂണിത്തറ |
| 13 | എം ജി ഡൈനോസ്റ്റിക് ലാബ്, തൃപ്പൂണിത്തുറ |
| 14 | മാതാ ക്ലിനിക്, തിരുവാങ്കുളം |
| 15 | മാതാ ലാബ്, തിരുവാങ്കുളം |
| 16 | നിർമ്മല ഹോസ്പിറ്റൽ, തിരുവാങ്കുളം |
| 17 | ഡോ.രാജ്കൃഷ്ണൻസ് ഡെന്റൽ ക്ലിനിക്, എസ്.എൻ. ജം. |

**1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 48/19.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | PNY ഫിനാൻസ്,സ്റ്റാച്ച്യൂ ജം, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |

| | | |
|---|---|---|
| 2 | അമ്പലമേട് ചിറ്റ്സ് ഫണ്ട്, സ്റ്റാച്ച്യൂ ജം, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 3 | ഡെൽറ്റ ഫിനാൻസ്, കിഴക്കേക്കോട്ട, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 4 | ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസ്, സ്റ്റാച്ച്യൂ ജം, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 5 | ആഗ്രോ ഇൻഡസ് ക്രഡിറ്റ് ലിമിറ്റഡ്, ഹിൽ പാലസ് റോഡ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 6 | KPB നിധി, സ്റ്റീഫൻ ആർക്കേഡ്, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 7 | ഇസാഫ് ബാങ്ക്,കണ്ണൻകുളങ്ങര,തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 8 | ഇൻഡസ് ഇൻഡ് ബാങ്ക്, FACT Nagar, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 9 | സൗത്ത് ഇൻഡ്യൻ ബാങ്ക്, കിഴക്കേക്കോട്ട, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 10 | ഫെഡറൽ ബാങ്ക്, തിരുവാങ്കുളം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 11 | SBI, തിരുവാങ്കുളം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 12 | കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്, ഹിൽ പാലസ് റോഡ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 13 | പീപ്പിൾസ് അർബൻ കോ ഓപ്പറേറ്റീവ് ബാങ്ക്, തിരുവാങ്കുളം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 14 | പോപ്പുലർ ഫിനാൻസ്, സ്റ്റാച്ച്യൂ ജം, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 15 | സിറ്റി യൂണിൻ ബാങ്ക്, ഹോസ്പിറ്റൽ റോഡ്, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 16 | നാഷ്ണൽ ഇൻഷുറൻസ് കമ്പനി, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 17 | സുന്ദരം ഹോം ഫിനാൻസ് തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 18 | മുത്തൂറ്റ് മിനി, തിരുവാങ്കുളം | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 19 | ബാങ്ക് ഓഫ് ബറോഡ, പുതിയകാവ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 20 | ജിയോ വി/പി/എൽ ഫിനാൻഷ്യൽ സർവ്വീസ്, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| 21 | പ്രീമിയർ ചിറ്റ്സ് ഫണ്ട്, കിഴക്കേക്കോട്ട, തൃപ്പൂണിത്തുറ | ആദ്യ പകുതിയും, രണ്ടാം പകുതിയും |

## 1–15 ലൈസൻസ് അപാകതകൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ലൈസൻസ് രജിസ്റ്റർ/ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടില്ല. ഡി.സി.ബി. സ്റ്റേറ്റ്മെന്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കലേഷ് ഗാർമെന്റ്സ്, തിരുവാംകുളം |
| 2 | ക്രൗൺ ബേക്കറി, തിരുവാംകുളം |
| 3 | സ്റ്റാർ ഫൂഡ് വിയേഴ്സ്, തിരുവാംകുളം |
| 4 | തേജ കമ്പ്യൂട്ടേഴ്സ്, തിരുവാംകുളം |
| 5 | വീൽ ഇലട്രിക്കൽ, തിരുവാംകുളം |
| 6 | വർണ്ണ ടൂർ & ട്രാവൽസ്, കരിങ്ങാച്ചിറ |
| 7 | തില്ലാന ആർട്ട് ഗ്യാലറി, കരിങ്ങാച്ചിറ |
| 8 | സീ പീ സുസുക്കി, കരിങ്ങാച്ചിറ |
| 9 | ഫാബ് ടെക്ക് ഡോർസ്, കരിങ്ങാച്ചിറ |
| 10 | ആർ എസ് ഇലക്ട്രോണിക്സ്, പുതിയകാവ് |
| 11 | ആര്യവൈദ്യ ഫാർമസി, പുതിയകാവ് |
| 12 | നാഗാർജ്ജുന ഫാർമസി, പുതിയകാവ് |
| 13 | അഞ്ജലിക്കൽ സ്റ്റോഴ്സ്, പുതിയകാവ് |
| 14 | രാധ ലേഡീസ് സ്റ്റോഴ്സ്, പുതിയകാവ് |
| 15 | ആന്തോസ് സ്റ്റോഴ്സ്, പുതിയകാവ് |
| 16 | റോയൽ ടയർ മാർട്ട്, പുതിയകാവ് |
| 17 | ലിമോ ഫാഷൻസ്, കിഴക്കേക്കോട്ട |
| 18 | സോളാർ എന്റർപ്രൈസസ്, കിഴക്കേക്കോട്ട |
| 19 | സിത്താര ഗോൾഡ് കവറിംഗ്, കിഴക്കേക്കോട്ട |
| 20 | ഇൻസ്റ്റയിൽ കർട്ടൻസ്, കിഴക്കേക്കോട്ട |
| 21 | ആർ.എം സാനിറ്ററീസ്, എസ് എൻ ജം |
| 22 | കെ & കെ ഇലട്രിക്കൽസ്, എസ് എൻ ജം |
| 23 | മോട്ടോലാബ് എസ് എൻ ജം |
| 24 | GMT ട്രേഡേഴ്സ്, എസ് എൻ ജം |
| 25 | സ്റ്റിച്ചിംഗ് ഹട്ട്, വടക്കേക്കോട്ട |

3) നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സലൂണുകൾ, റേഷൻകടകൾ, ഡ്രൈവിംഗ് സ്കൂൾ,കമ്പ്യൂട്ടർ പരിശീലനകേന്ദ്രം, ബാങ്ക് കോച്ചിംഗ് സെന്റർ,പി.എസ്.സി കോച്ചിംഗ് സെന്റർ, എജ്യുക്കേഷൻ കൺസൽട്ടൻസി, ടർഫ്, ആധാരമെഴുത്തുകാർ, ടാക്സ് കൺസൽട്ടൻസികൾ, കള്ള്ഷാപ്പുകൾ, സ്വകാര്യ പാർക്കിംഗ് ഏരിയകൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4) സ്ഥാപനത്തിന്റെ തൻവർഷ വാർഷിക ധനകാര്യ പത്രിക, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂൾ പ്രകാരം ലൈസൻസ് ഫീസ് ഇനത്തിലെ തൻവർഷ കടിശ്ശികയിനത്തിൽ ₹260500/-, മുൻവർഷങ്ങളിലെ കടിശ്ശികയിനത്തിൽ ₹84605/- പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. മേൽ

പരാമർശങ്ങൾക്ക് സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 42/19.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

### 1-16 തൊഴിൽ നികുതി കുറവായി അടവാക്കി

ചില സ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവു വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ആർ.എൽ.വി കോളേജ്,തൃപ്പൂണിത്തുറ | അനീഷ് വാസുദേവൻ | 2nd | 141075/- | 1250/- | 1000/- | 250/- |
| 2 | ആർ.എൽ.വി കോളേജ്, തൃപ്പൂണിത്തുറ | ഗോപിക കൃഷ്ണൻ | 2nd | 118250/- | 1000/- | 450/- | 550/- |
| 3 | എൻ.യു.എൽ.എം കുടുംബശ്രീ,തൃപ്പൂണിത്തുറ | വിജിത എ വി | 2nd | 240000/- | 1250/- | 1000/- | 250/- |
| 4 | റീജനൽ സെന്റർ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി | നവീൻ | 2nd | 133740/- | 1250/- | 1000/- | 250/- |
| 5 | ആക്സിസ് ബാങ്ക് | ആരതി രമേഷ് | 2nd | 129540/- | 1250/- | 1000/- | 250/- |
| 6 | ആക്സിസ് ബാങ്ക് | സന്ധ്യ | 1st | 113638/- | 1000/- | 250/- | 750/- |
| 7 | ആക്സിസ് ബാങ്ക് | വിനീഷ് | 1st | 107725/- | 1000/- | 250/- | 750/- |
| 8 | ആക്സിസ് ബാങ്ക് | റിജോഷ് ജോസഫ് | 1st | 151443/- | 1250/- | 900 | 350 |

കുറവുവന്ന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 29/18.01.24) നൽകിയതിനുള്ള മറുപടിയിൽ ആയത് പരിശോധിച്ച് കുറവുവന്നിട്ടുള്ള തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കാമെന്നറിയിച്ചിട്ടുണ്ട്.

### 1-17 തൊഴിൽ നികുതി അപാകതകൾ -തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി ഡി.സി.ബി രേഖപ്പെടുത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം Profession Tax-institution/traders (Current) (Head-431190101) ഇനത്തിൽ ₹1717900/- കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. തൊഴിൽ നികുതി തുക ഒടുക്കാത്ത സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) 2022-23 ലെ തൊഴിൽ നികുതി രജിസ്റ്റർ/ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ പ്രകാരം താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | കെട്ടിട നംമ്പർ |
|---|---|
| വിദ്യാ ബുക്ക് സ്റ്റാൾ | 37/1257 |
| ദൃശ്യം ഫോട്ടോ സ്റ്റുഡിയോ | 38/0006 |
| മാലതി സിൽക്സ് | 38/0574 |
| പൈ ജ്വല്ലേഴ്സ് | 38/0887 |
| അംമ്പാടി ഡ്യൂട്ടി പെയ്ഡ് ഷോപ്പ് | 38/1350 |
| അമൃത ഡെന്റൽ ക്ലിനിക്ക് | 38/1394 |
| APT കമ്മ്യൂണിക്കേഷൻ | 39/0068E |
| കദളി ഫുഡ്സ് | 39/363/A |
| രതീഷ് ഒപ്റ്റിക്കൽസ് | 39/883 |
| എസ് ആർ ഇലക്ട്രിക്കൽസ് | 12/372 |
| ഗ്ലിറ്റ്സ് ഇൻഡ്യ ഫാഷൻസ് | 18/286/E |
| ഗ്രീൻ ചാർജ് ഫാക്ടറി | 26/135G |
| ഇവാൻ മോട്ടോഴ്സ് | 32/167/A2 |
| എ2 അസോസിയേറ്റ്സ് | 37/815 |
| എസ് എം ട്രേഡേഴ്സ് | 22/728K |
| വീൽ ഇലക്ട്രിക്കൽസ് | 23/369 |
| ഇൻഡസ്ട്രിയൽ ട്രേഡിംഗ് കമ്പനി | 23/730/C5 |
| വൃന്ദാവൻ എനർജി ഹബ് | 24/668/A |
| നാച്ചുറൽ ട്രേഡേഴ്സ് | 43/127/B |

3) 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും ₹1250/- അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4) 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3.2.10 പ്രകാരം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തികവർഷം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ വിശദാംശങ്ങൾ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത്തിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

6) മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക, ജീവനക്കാരുടെ

വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല.

7) 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. നഗരസഭാ പരിധിയിൽ വരുന്ന സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 20/17.1.24 നൽകിയതിനുള്ള മറുപടിയിൽ ആയതു പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കാമെന്നറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതും തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-18 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്**

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ

തൃപ്പൂണിത്തുറ നഗരസഭയിൽ മേൽ ചട്ടപ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 32/18.1.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതിനഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 ടി.കെ.രാമകൃഷ്ണൻ മുനിസിപ്പൽ മാൾ പ്രവർത്തനരഹിതമായി കിടക്കുന്നു.**

തൃപ്പൂണിത്തുറ നഗരസഭയുടെ ഉടമസ്ഥതയിലുള്ള 2021ൽ പണി പൂർത്തീകരിച്ച കണ്ണൻകുളങ്ങരയിലെ ടി.കെ.രാമകൃഷ്ണൻ മാൾ ബേസ്മെന്റ് അടക്കം 5 നിലകളിലുള്ളതും 4489.09 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയ വരുന്നതുമാണ്. ടി കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോർ 922.07 $M^2$ വരുന്ന ഏരിയ ഉള്ളതും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഇലക്ട്രിക്കൽ റൂം, ലിഫ്റ്റ്, ഫയർ പമ്പ് റൂം, 3 ലിഫ്റ്റ് എന്നീ ആവശ്യങ്ങൾക്കുമായി തിരിച്ചിരിക്കുന്നതുമാണ്. കൂടാതെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോർ ഏരിയയുടെ തറവിസ്തീർണ്ണം 904.96 ചതുരശ്ര മീറ്റർ ആണ്. അതിൽ 459.77 ചതുരശ്ര മീറ്റർ വരുന്ന ഭാഗം വാണിജ്യാവശ്യങ്ങൾക്കും ബാക്കി ഭാഗം പൊതു ആവശ്യങ്ങൾക്കുമാണ്. (3 ലിഫ്റ്റ്, 3 സ്റ്റെയർകേസ്. 6 ടോയ്ലറ്റ്, 4 യൂറിനൽസ്, ലോബി, പാസ്സേജ്). കെട്ടിടത്തിന്റെ ഒന്നാംനിലയുടെ ആകെ തറവിസ്തീർണ്ണം 794.78 ചതുരശ്ര മീറ്ററും അതിൽ 466.68 ചതുരശ്ര മീറ്റർ വിസ്തീർണ്ണം വാണിജ്യാവശ്യത്തിനും ബാക്കി ഭാഗം പൊതു ആവശ്യങ്ങൾക്കുമാണ്. രണ്ടാം നിലയുടെ ആകെ വിസ്തീർണ്ണം 867.73 ചതുരശ്ര മീറ്റർ ആണ്. 466.68 ചതുരശ്ര മീറ്റർ കൊമേഷ്യൽ ആവശ്യങ്ങൾക്കും ബാക്കി ഭാഗം പൊതു ആവശ്യങ്ങൾക്കുമായി മാറ്റി വച്ചിരിക്കുന്നു. കെട്ടിടത്തിന്റെ മൂന്നാം നിലയുടെ ആകെ തറവിസ്തീർണ്ണം 928.34 ചതുരശ്ര മീറ്റർ ആണ്. 130 സീറ്റുകൾ ഉൾക്കൊള്ളിക്കാവുന്ന 2 തിയറ്ററുകൾ 3-ാം നിലയിൽ സജ്ജമാക്കാവുന്നതും പൊതു ആവശ്യങ്ങൾക്കും ഫുഡ്കോർട്ടും സ്റ്റെയർ റൂമിനായി 71.21 ചതുരശ്ര മീറ്റർ വരുന്ന ഏരിയയും ടി ഫ്ലോറിൽ ഉണ്ട്.

ടി മാൾ ലീസ്/വാടകയ്ക്കു നൽകാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/11.1/24 നുള്ള സെക്രട്ടറിയുടെ മറുപടിയിൽ 5 വർഷത്തെ കരാർ കാലാവധിയിൽ 1 വർഷത്തെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റായും 6 മാസത്തെ വാടക അഡ്വാൻസായും സ്വീകരിച്ച് 5 ലക്ഷം രൂപ നിരതദ്രവ്യത്തിൽ

പ്രതിമാസ വാടക ₹43,47,235/- നിശ്ചയിച്ച് ടി മാളിന്റെ ആദ്യലേലം 27/10/2022 ലും പുന:ലേലം 18/11/2022 ലും കൺസീൽഡ് ഓഫർ സ്വീകരിച്ചുകൊണ്ട് 04/01/2023. 15/02/2023 തീയതികളിലും നടത്തിയിരുന്നതായും എന്നാൽ ലേലത്തിലും പുനർ ലേലത്തിലും ആരും പങ്കെടുത്തിരുന്നില്ലായെന്നും, ഓഫർ നോട്ടീസുകൾ നൽകിയെങ്കിലും ആയതിലും ആരും താൽപര്യപത്രം സമർപ്പിച്ചില്ലായെന്നും, തുടർന്ന് 10% അടിസ്ഥാന പ്രതിമാസ വാടക നിരക്കിൽ കുറവ് ചെയ്ത് 07/06/2023 ൽ ഓഫർ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകിയെങ്കിലും ആയതിലും ആരും താൽപര്യപത്രം സമർപ്പിച്ചിട്ടില്ലായെന്നും, ടി മാൾ വാടകയ്ക്ക് നൽകുന്നതിന് പലതവണ നടപടികൾ സ്വീകരിച്ചിട്ടും മാൾ ഒറ്റയൂണിറ്റായി നഗരസഭ നിശ്ചയിച്ച നിരക്കുകളിൽ ഏറ്റെടുക്കുന്നതിന് ആരും തന്നെ താൽപര്യം പ്രകടിപ്പിച്ച് വന്നിട്ടില്ലയെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ബൈലോ തയ്യാറാക്കി കൗൺസിൽ അംഗീകാരത്തോടെ ബഹു.സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതിനാലും മേൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് ആയതിലുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭ ആർജ്ജിച്ച ആസ്തി പ്രയോജനപ്രദമായി വിനിയോഗിച്ച് നഗരസഭക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും ആസ്തി സംരക്ഷിക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സാമൂഹ്യസുരക്ഷാപെൻഷൻ

നഗരസഭയിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം നടന്നതു സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ചില രേഖപ്പെടുത്തലുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര്, ഐ.ഡി.നം. | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ശ്രീമതി 101940601357 (എറണാകുളം - തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി) | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 20.01.2022 | June-2023 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡഡ് |
| 2 | പത്മനാഭൻ 101940202265 (എറണാകുളം - തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.04.2022 | June-2023 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡഡ് |
| 3 | മറിയാമ്മ 101940601513 (എറണാകുളം - തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി) | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 07.04.2022 | February-2023 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡഡ് |

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018

പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/11.1.24 നുള്ള മറുപടിയിൽ പെൻഷൻ തുക തിരിച്ചടയ്ക്കുന്നതിനായുള്ള അറിയിപ്പ് നൽകിയതായി അറിയിച്ചിട്ടുണ്ട് എന്നാണ്. തുടർനടപടികൾ സ്വീകരിച്ച് പെൻഷൻ തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-21 വയോമിത്രം പദ്ധതി - വിനിയോഗ രേഖകളില്ല.

| | |
|---|---|
| പ്രോജക്ട് നം | 121/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| അടങ്കൽ | ₹15,00,000/-(വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹15,00,000/-(വികസനഫണ്ട് ജനറൽ) TRN-22110800000010613 Dtd 19/12/2022 |

നഗരസഭയിൽ നടപ്പാക്കിയ വയോമിത്രം പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ₹15,00,000/- ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായുള്ള തുക കേരള സാമൂഹ്യ സുരക്ഷാമിഷനിലേക്ക് കൈമാറിയതല്ലാതെ പ്രോജക്ട് പ്രകാരമുള്ള ചെലവ് സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം എത്രപേർക്ക് നൽകിയെന്നോ, എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയതെന്നോ, മരുന്നുകൾ വാങ്ങി നൽകിയതിന്റെ ബിൽ വിവരങ്ങളോ, നൽകിയ തുകയുടെ കൈപ്പറ്റ് വിവരങ്ങളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗ വിവരങ്ങളൊന്നും ലഭിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-37 തിയതി 19/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാകുന്നതുവരെ മുൻകൂർ നൽകിയ ₹15,00,000/- ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങളും വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-22 നഗരസഭയുടെ അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ള റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല.

നഗരസഭയുടെ ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ 431600100 എന്ന ശീർഷകത്തിൽ വർഷാന്ത്യം സർക്കാർ റിഡംപ്ഷൻ നടത്തിയ ₹58,74,265/- നഗരസഭക്ക് തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ₹40,51,802/- എൽ.ജി.ടി.എസ്.ബി. 596 അക്കൗണ്ടിൽ നിന്നും (കോഡ് നം.450250900) ₹2,79,580/- എസ്.റ്റി.എസ്.ബി. റഗുലർപെൻഷൻ (799011400007545) അക്കൗണ്ടിൽ നിന്നും (കോഡ് നം.450650600) ₹212379/- എസ്.ടി.എസ്.ബി. PF-(7990117546) അക്കൗണ്ടിൽ നിന്നുമായാണ് (കോഡ് നം.450450500) റിഡംപ്ഷൻ നടത്തിയിട്ടുള്ളത്. ഇതിൽ എസ്.റ്റി.എസ്.ബി.റഗുലർ പെൻഷൻ അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തതൊഴികെയുള്ളവ 2023 ആഗസ്റ്റിൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള തുക ₹279580/- ഇനിയും തിരികെ ലഭിച്ചിട്ടില്ല. നാളിതുവരെയായിട്ടും തുക തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-34 തിയതി 18/01/2024) മറുപടി ലഭ്യമാക്കിയില്ല. ലഭിക്കാനുള്ള റഗുലർ പെൻഷൻ അക്കൗണ്ടിലെ തുക സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-23 പി.എം.എ.വൈ ഭവന നിർമ്മാണം-വർഷങ്ങൾക്ക് മുമ്പ് അഡ്വാൻസ് കൈപ്പറ്റിയവർ ഇതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല

നഗരസഭയിൽ പ്രോജക്ട് ഓഫീസർ, ദാരിദ്ര്യലഘൂകരണ വിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന "പി.എം.എ.വൈ" ഭവനപദ്ധതിയുടെ പുരോഗതി വിവരങ്ങൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിലെ പദ്ധതി പ്രകാരം കരാറിലേർപ്പെട്ട ഏതാനും ഗുണഭോക്താക്കൾ

ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ നാളിതുവരെ പിന്നീടുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
(പി.എം.എ.വൈ )

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ ധനസഹായം | ഇതുവരെ കൈപ്പറ്റിയ തുക | ഇനിയും കൈപ്പറ്റുവാനുള്ള തുക | തുക അവസാനം കൈപ്പറ്റിയ തിയതി |
|---|---|---|---|---|---|
| 1 | മിനി ജോസഫ് വലിയപറമ്പിൽ വാരിയം റോഡ്, തിരുവാങ്കുളം | ₹4,00,000 | ₹40,000 | ₹3,60,000 | 24/07/2019 |
| 2 | അമൃത രമണൻ മഞ്ഞോലിപ്പാടം, എരൂർ | ₹4,00,000 | ₹40,000 | ₹3,60,000 | 13/04/2021 |
| 3 | പ്രീതി നല്ലനക്കുഴിയിൽ, എരൂർ | ₹4,00,000 | ₹40,000 | ₹3,60,000 | 21/04/2018 |
| 4 | വിശ്വനാഥൻനായർ ചക്കപ്പറമ്പ്, ഇരുമ്പനം, | ₹3,00,000 | ₹30,000 | ₹2,70,000 | 05/02/2018 |

ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം കരാറിലെ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുകയോ ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. 2022 ൽ കക്ഷികൾക്ക് നോട്ടീസ് നൽകിയെങ്കിലും പിന്നീട് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നൽകിയ അഡ്വാൻസുകളിൽ വർഷങ്ങളായി തീരുമാനമാകാത്ത സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടിട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/2022-23 തീയതി 18.01.24)മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. കൂടാതെ നാളിതുവരെയും മുൻകൂർ തുകകൾ ക്രമീകരിക്കാത്തതിനാൽ പലിശ സഹിതം ഈടാക്കി നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-24 നഗരസഭയുടെ ബാങ്ക് അക്കൗണ്ടുകൾ-ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നില്ല.**

നഗരസഭയുടെ തനത് ഫണ്ട് ഓഡിറ്റ് വർഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സേവിംഗ്സ് അക്കൗണ്ടിലാണ് (അക്കൗണ്ട് നം.57058054683) നിക്ഷേപിച്ചിരുന്നത്. ഈ അക്കൗണ്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 2023 മാർച്ച് 31ന് ₹5,85,95,812/-അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഈ തുകയ്ക്ക് 2.70% നിരക്കിലുള്ള സേവിംഗ്സ് അക്കൗണ്ട് പലിശ മാത്രമാണ് ബാങ്കിൽ നിന്നും ലഭിക്കുന്നത്. നിലവിൽ ഫെഡറൽ ബാങ്കിലേക്ക് മാറ്റിയ തനത് ഫണ്ട് അക്കൗണ്ടിലും ശരാശരി 5.5 കോടി രൂപ നീക്കിയിരുപ്പുണ്ട്. തനത് ഫണ്ടിൽ നിന്നും നഗരസഭയുടെ മുൻകാല ചെലവുകളും പ്രതീക്ഷിത ചെലവുകളും കണക്കാക്കി വിവിധ ചെലവുകൾക്കുള്ള ഒരു ശരാശരി തുക നിലനിർത്തി ബാക്കി തുക നിശ്ചിത കാലയളവിലേക്ക് ഉയർന്ന പലിശ ലഭിക്കുന്ന ഏതെങ്കിലും സ്കീമിൽ നിക്ഷേപിക്കുന്നത് വഴി പലിശ ഇനത്തിൽ കൂടുതൽ വരുമാനം (Passive Income) ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. അതുപോലെ എസ്.ബി.ഐ ഓൺലൈൻ അക്കൗണ്ടിൽ 31/03/23ൽ (അക്കൗണ്ട് നം- 67310219717) 2.71 കോടി രൂപ നീക്കിയിരുപ്പുണ്ട്. ഈ അക്കൗണ്ട് കറന്റ് അക്കൗണ്ടായതിനാൽ നീക്കിയിരുപ്പിന് പലിശയൊന്നും ലഭിക്കുന്നില്ല. എന്നാൽ ഈ തുക യഥാസമയം നഗരസഭയുടെ തനത് ഫണ്ടിലേക്ക് മാറ്റിയാൽ അത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടായതിനാൽ ഇതിലെ നീക്കിയിരുപ്പ് തുകക്ക് പലിശ ലഭിക്കുന്നതാണ്. കാനറ ബാങ്ക് ( ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് 1.35 കോടി) സ്റ്റേറ്റ് ബാങ്ക് - സോളിഡ് വേസ്റ്റ് മാനേജ്മെന്റ് (₹60 ലക്ഷം) എന്നിങ്ങനെ നാമമാത്ര നിരക്കിലുള്ള പലിശ മാത്രം കിട്ടുന്നതായ പല അക്കൗണ്ടുകളും

നഗരസഭക്കുണ്ട്. ഇവയുടെ ഒരു ഭാഗം ഉയർന്ന പലിശ ലഭിക്കുന്ന നിക്ഷേപമായി മാറ്റുകയോ നിലവിലുള്ള അക്കൗണ്ടിനെ ഒരു നിശ്ചിത സംഖ്യക്ക് മുകളിൽ വരുന്ന തുക ഉയർന്ന പലിശയുള്ള വിഭാഗത്തിലേക്ക് ഓട്ടോമാറ്റിക്കായി മാറ്റുന്നതരം ഫ്ലെക്സി ഇനം അക്കൗണ്ടാക്കി മാറ്റുന്നതോ പരിഗണിക്കാവുന്നതാണ്. ഉയർന്ന വരുമാനം ഉറപ്പുനൽകുന്ന വിവിധയിനം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഓപ്ഷനുകൾ ഇന്ന് ബാങ്കുകളിൽ ലഭ്യമാണ്. ഇവയിൽ നിക്ഷേപിക്കുന്നത് വഴി ലഭിക്കുന്ന അധിക വരുമാനസാധ്യത കൗൺസിൽ അംഗീകാരത്തോടെ ഈ സാധ്യതകൾ പരിഗണിക്കുന്നത് വഴി ഈ അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് ഏകദേശം ഇരട്ടിയോളം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമാണുള്ളത്. നികുതിയേതര വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനുള്ള ഈ സാധ്യതകൾ പരിശോധിച്ച് ഉചിതമായ തുടർന്ന നടപടി സ്വീകരിക്കേണ്ടതാണ്.

**1-25 നഗരസഭയുടെ ബാങ്ക് നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമല്ല – അക്കൗണ്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല .**

നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുള്ള എസ്.ബി.റ്റി തിരുവാങ്കുളം ടോട്ടൽ സാനിട്ടേഷൻ, പോസ്റ്റ് ഓഫീസ് സേവിംഗ്സ് എന്നീ ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. യഥാക്രമം ₹762741/-, ₹8266/- എന്നിങ്ങനെയാണ് ഈ അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. വർഷങ്ങളായി വാർഷിക ധനകാര്യപത്രികയിൽ ഒരേതുകകൾ തന്നെയാണ് ഈ അക്കൗണ്ടുകളുടെ നീക്കിയിരുപ്പായി രേഖപ്പെടുത്തിവരുന്നത്. ഈ അക്കൗണ്ടുകളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ ഒന്നുംതന്നെ ലഭ്യമല്ല. തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് കൂട്ടിച്ചേർത്ത സമയത്ത് ഉണ്ടായിരുന്ന ബാങ്ക് അക്കൗണ്ടുകളാണിവയെന്നും ഇവയുടെ ബാക്കി വിശദാംശങ്ങൾ ലഭ്യമല്ലായെന്നും നഗരസഭയിൽ നിന്നും അറിയിച്ചിരുന്നു. വർഷങ്ങൾക്ക് മുമ്പ് 7.70 ലക്ഷം രൂപയിലധികം നീക്കിയിരുപ്പുള്ള രണ്ട് അക്കൗണ്ടുകളിലെ തുകക്ക് എന്ത് സംഭവിച്ചുവെന്ന കാര്യത്തിൽ വ്യക്തതയില്ല. നഗരസഭക്ക് കൈമാറിക്കിട്ടിയ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് വ്യക്തമായ വിവരങ്ങളില്ലാത്ത സ്ഥിതിയുണ്ട്. ആയതിനാൽത്തന്നെ നിലവിലെ നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ വാർഷിക ധനകാര്യപത്രികകളിൽ നിന്നും ലഭിക്കുന്നില്ല. ഈ ബാങ്ക് അക്കൗണ്ടുകൾ പുന:സ്ഥാപിക്കുന്നതിനും നീക്കിയിരുപ്പ് തുക നാളിതുവരെ അർഹമായ പലിശ സഹിതം മുൻസിപ്പൽ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ഈ ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നാളിതുവരെയുള്ള കണക്കുകൾ തയ്യാറാക്കുവാനും വിവരങ്ങളുമായി ഒത്തുനോക്കി ക്രമപ്പെടുത്തുവാനും നടപടി ആവശ്യമാണ്. ആസ്തി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ വാർഷിക കണക്കുകളിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-26 ഹരിതമിത്രം- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-നടപടികൾ പൂർത്തിയാക്കിയിട്ടില്ല**

പ്രോജക്ട് നം-468/2023

നിർവ്വഹണം - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അടങ്കൽ- ₹7,63,000/- **(ധനകാര്യകമ്മീഷൻ ഗ്രാന്റ്)**

ചെലവ്-₹7,63,000/- ( ബിൽ നം-3019408301220100 -Rs.763000)

നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ മോണിറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സർവ്വീസ് ചാർജ്ജ് ₹649000/-, എസ്.എം.എസ് ചാർജ്ജ് ₹24000/-, ലാപ്ടോപ്പ് ₹50,000/-, ക്യൂ.ആർ കോഡ് ₹40,000/- ഇനങ്ങളിലായി ആകെ ₹763000/- പദ്ധതി പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18/11/2021 ലെ ജി.ഒ (ആർ.ടി)

2307/2021/LSGD ഉത്തരവ് പ്രകാരം അംഗീകരിച്ച സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ശുചിത്വമിഷൻ നൽകുന്ന സോഫ്റ്റ്വെയറിന്റെ കോൺഫിഗറേഷൻ, ആറുമാസകാലയളവിലേക്ക് ആഴ്ചയിൽ അഞ്ച് ദിവസം വീതം ടെക്നിക്കൽ സപ്പോർട്ട്, ഹരിതകർമ്മസേനാംഗങ്ങൾക്കും മറ്റുള്ളവർക്കുമുള്ള പരിശീലനം എന്നിവക്കാണ് കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നത്. ഇതിനു പുറമേ ഗുണഭോക്താക്കൾക്കുള്ള 1,84,615 എണ്ണം എസ്.എം.എസ് സേവനങ്ങൾക്കുള്ള തുകയും കൂടിയാണ് മുൻകൂറായി നൽകിയത്. കെൽട്രോണുമായി 09/02/2023ൽ ഏർപ്പെട്ട കരാർ പ്രകാരം ഈ പദ്ധതി നടപ്പാക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങളും (കംപ്യൂട്ടർ, ക്യൂ.ആർ കോഡ് പ്രിന്റിംഗ്, മാലിന്യം ശേഖരിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കൽ) മനുഷ്യവിഭവശേഷിയും (നോഡൽ ഓഫീസർ, ഹെൽത്ത് സ്റ്റാഫ്, ടെക്നിക്കൽ അസിസ്റ്റൻസ്, ഹരിത കർമ്മസേന) ഡാറ്റയും (പദ്ധതി ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ, ഫോൺ നമ്പർ ) മുതലായവ ലഭ്യമായതിന് ശേഷം മാത്രമാണ് പദ്ധതിയുടെ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിനായി 45,000 ക്യൂ.ആർ കോഡുകൾക്കായി ₹40,000 ഇതിനൊപ്പം കെൽട്രോണിന് നൽകിയെങ്കിലും ക്യൂ.ആർ കോഡുകൾ ഇതുവരെ നൽകിയിട്ടില്ല. ഈ നടപടികളൊന്നും പൂർത്തീകരിക്കാതെയാണ് ആറുമാസ കാലയളവിലേക്ക് സോഫ്റ്റ്‌വെയറിന്റെ സർവ്വീസ് ചാർജ്ജ്, എസ്.എം.എസ് സേവനങ്ങൾക്കുള്ള തുകയായ ₹7,63,000/- കെൽട്രോണിന് മുൻകൂറായി നൽകിയത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-12 തീയതി-16/01/2024) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ നൽകിയ തുക സംബന്ധിച്ച പദ്ധതിപ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ ഈയിനത്തിലെ ₹763000/- ചെലവ് തടസ്സപ്പെടുത്തുന്നു. "ഹരിതമിത്രം" - സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-27 നഗരസഭയുടെ സ്ഥിരനിക്ഷേപങ്ങൾ -പലിശനിരക്കിൽ വലിയ അന്തരം.**

വാർഷിക കണക്കുകൾ പ്രകാരം നഗരസഭക്ക് 2023 മാർച്ച് 31 ന് 38.98 കോടി രൂപയുടെ സ്ഥിരനിക്ഷേപങ്ങളുണ്ട്. ട്രഷറിയുൾപ്പടെ 15 ധനകാര്യ സ്ഥാപനങ്ങളിലായാണ് ഈ സ്ഥിര നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളത്. ₹1,45,478/- യുടേതാണ് ഏറ്റവും കുറഞ്ഞ ഒറ്റ സ്ഥിരനിക്ഷേപമുള്ളത്. ₹2,57,43,690/- യുടേതാണ് ഏറ്റവും ഉയർന്ന ഒറ്റ നിക്ഷേപം. സ്ഥിരനിക്ഷേപങ്ങൾ പരിശോധിച്ചതിൽ 2022-23 ൽ നടത്തിയ ഒരേ കാലയളവിലേക്കുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് തന്നെ 5.00% മുതൽ 8.25% വരെ നിരക്കിലാണ് പലിശ വാഗ്ദാനം ലഭിച്ചിട്ടുള്ളത്. യൂണിയൻ ബാങ്കിലുള്ള 1.26 കോടി രൂപയുടെ നിക്ഷേപത്തിന് 5.00% നിരക്കിൽ മാത്രമാണ് നിക്ഷേപ പലിശയുള്ളത്. IDBI ബാങ്കിലുള്ള 2.68 കോടി രൂപയുടെ നിക്ഷേപത്തിന് ലഭിക്കുന്ന 5.60% മാണ് കുറഞ്ഞ രണ്ടാമത്തെ നിരക്ക്. ഇതേസമയം കേരള ഗ്രാമീൺ ബാങ്ക് 7.50% ഉം തിരുവാങ്കുളം സഹകരണ സൊസൈറ്റി 8.25% നിരക്കിലും പലിശ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകുന്നുണ്ട്. സ്ഥിരനിക്ഷേപം നടത്തുന്നതിന് മുമ്പായി വിവിധ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്ന പലിശനിരക്കുകൾ പരിശോധിക്കുന്നതായോ താരതമ്യപ്പെടുത്തുന്നതായോ ഫയലിൽ രേഖകളില്ല. ഒരേ കാലയളവിൽ പലിശ നിരക്കിൽ ഇത്രയും അന്തരം വരുന്ന രീതിയിൽ നിക്ഷേപങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡവും വ്യക്തമാക്കിയിട്ടില്ല. ഒരു കോടി രൂപയുടെ നിക്ഷേപത്തിന് മാത്രം പ്രതിവർഷം 2.25 ലക്ഷം രൂപ വരെയാണ് പലിശനിരക്കിലെ ഈ അന്തരം മൂലം നഗരസഭയുടെ വരവിൽ കുറവുണ്ടാകുന്നത്. നഗരസഭയുടെ ആകെ നിക്ഷേപങ്ങൾ കണക്കിലെടുക്കുമ്പോൾ പലിശനിരക്കിലെ വ്യത്യാസം കൊണ്ടുമാത്രം വരുമാനത്തിൽ വലിയകുറവ് സംഭവിക്കുന്ന സാഹചര്യമുണ്ട്. സ്ഥിരനിക്ഷേപങ്ങൾ തന്നെ ഈ സ്ഥാപനങ്ങളിലെ തന്നെ കാഷ് സർട്ടിഫിക്കറ്റുകളായി നിക്ഷേപിച്ചാൽ നിലവിലേതിലും ഉയർന്ന പലിശ ലഭിക്കാനും സാധ്യതയുണ്ട്. നിക്ഷേപ കാലാവധി പൂർത്തിയാകുംമുമ്പ് പിൻവലിക്കാനാകില്ല എന്നതൊഴിച്ചാൽ സ്ഥിരനിക്ഷേപത്തിലും ഉയർന്ന നിരക്ക് ഇവ നൽകുന്നുണ്ട്. ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

**1-28 മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.**

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 03/23, ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥ | സൂപ്രണ്ട് , താലൂക്ക് ഹോസ്പിറ്റൽ |
| അടങ്കൽ | ₹11,00,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 1.ബിൽ നം. 72/20.09.22 – 325336/-(K.M.S.C.L)<br>2.ബിൽ നം. 118/23.11.22 – 263478/-(K.M.S.C.L)<br>3.ബിൽ നം. 118/23.11.22 – 11186/-(KSCCF)<br>4. ബിൽ നം. 371/14.03.23 – 485588/-(KSDP)<br>5.ബിൽ നം. 371/14.03.23 – 14412/-(HMC) |

നഗരസഭയിൽ പ്രവർത്തിക്കുന്ന വിവിധ ആരോഗ്യകേന്ദ്രങ്ങൾക്ക് താഴെ പറയുന്ന പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ₹588814/- കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ആയതിൽ ₹397139/- യുടെ മരുന്ന് മാത്രമാണ് രേഖകൾ പ്രകാരം ലഭിച്ചിട്ടുള്ളത്. ബാക്കി ₹191675/- യുടെ മരുന്ന് ലഭിച്ചിട്ടില്ല. (കേരള മെഡിക്കൽ സർവീസസ് കോർപറേഷന് ഒഴികെ മറ്റ് സ്ഥാപനങ്ങൾക്ക് നല്കിയ തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടുണ്ട്). കേരള മെഡിക്കൽ സർവീസസ് കോർപറേഷന് നല്കിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് വിവരം |
|---|---|---|
| 1 | FLTC ഏരൂർ | PRF370/15.06.22- 2,00,000/- |
| 2 | UFHC ഇരുമ്പനം | PRF 543/01.07.22 – 50,000/- |
| 3 | THQH തൃപ്പൂണിത്തുറ | PRF862/02.08.22- 25,044/- |
| 4 | THQH തൃപ്പൂണിത്തുറ | PRF864/02.08.22- 50292/- |
| 5 | THQH തൃപ്പൂണിത്തുറ | PRF 2169/10.11.22- 63,478/- |
| 6 | PHC തിരുവാങ്കുളം | PRF 2351/18.11.22- 2,00,000/- |
| | ആകെ | 5,88,814/- |

ഇതിൽ ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I) PRF370/15.06.22- 2,00,000/- പ്രകാരം ലഭ്യമായ മരുന്ന്

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 19222/09.10.23 | 6,821/- |
| 2 | 14365/28.07.23 | 35,840/- |
| 3 | 11494/05.07.23 | 11,360/- |
| 4 | 2198/06.05.23 | 4,928/- |
| ആകെ | | 58,949/- |
| ലഭിക്കുവാൻ അവശേഷിക്കുന്നത് | | 1,41,051/- |

Ii)PRF 543/01.07.22-50,000/- പ്രകാരം ലഭ്യമായ മരുന്ന്

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 14296/14.10.22 | 2346/- |
| 2 | 27345/21.03.23 | 1187/- |
| 3 | 408/05.04.23 | 4932/- |
| 4 | 4945/20.05.23 | 936/- |
| 5 | 2683/09.05.23 | 326/- |
| 6 | 14394/28.07.23 | 16626/- |
| 7 | 13829/14.10.22 | 6420/- |
| ആകെ | | 32,773/- |
| ലഭിക്കുവാൻ അവശേഷിക്കുന്നത് | | 17,227/- |

Iii)PRF 862/02.08.22- 25044/- പ്രകാരം ലഭ്യമായ മരുന്ന്

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 21233/24.12.22 | 2007/- |
| 2 | 25168/21.02.23 | 4904/- |

| | | |
|---|---|---|
| 3 | 4951/20.05.23 | 2005/- |
| 4 | 6118/26.05.23 | 432/- |
| 5 | 8714/12.06.23 | 744/- |
| 6 | 24197/28.12.23 | 3073/- |
| ആകെ | | 13,165/- |
| ലഭിക്കുവാൻ അവശേഷിക്കുന്നത് | | 11,879/- |

(Iv) PRF 864/02.08.22 – 50292/- പ്രകാരം ലഭ്യമായ മരുന്ന്

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 13262/07.10.22 | 12522/- |
| 2 | 23441/17.01.23 | 4928/- |
| 3 | 24122/28.01.23 | 9408/- |
| 4 | 984/18.04.23 | 7728/- |
| 5 | 8717/12.06.23 | 3556/- |
| 6 | 10706/26.06.23 | 4881/- |
| 7 | 11491/05.07.23 | 4760/- |
| 8 | 15715/11.08.23 | 627/- |
| ആകെ | | 48410/- |
| ലഭിക്കുവാൻ അവശേഷിക്കുന്നത് | | 1882/- |

(V) PRF 2169/10.11.22 –63478/- പ്രകാരം ലഭ്യമായ മരുന്ന്

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 28220/29.03.23 | 538/- |
| 2 | 2666/09.05.23 | 4771/- |
| 3 | 4870/20.05.23 | 4713/- |
| 4 | 7026/01.06.23 | 29917/- |
| 5 | 8673/12.06.23 | 5334/- |
| 6 | 11560/05.07.23 | 495/- |
| 7 | 17292/01.09.23 | 6648/- |
| 8 | 21003/18.11.23 | 6754/- |
| ആകെ | | 59170/- |
| ലഭിക്കുവാൻ അവശേഷിക്കുന്നത് | | 4308/- |

(Vi) PRF 2351/18.11.22 –200000/- പ്രകാരം ലഭ്യമായ മരുന്ന്

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1 | 14410/28.07.23 | 34048/- |
| 2 | 23357/12.12.22 | 7168/- |
| 3 | 27615/24.03.23 | 11003/- |
| 4 | 24789/13.02.23 | 18480/- |
| 5 | 19754/12.12.22 | 10080/- |
| 6 | 23404/17.01.23 | 16755/- |
| 7 | 4885/20.05.23 | 12730/- |
| 8 | 19195/30.11.22 | 11164/- |
| 9 | 384/05.04.23 | 17707/- |
| 10 | 1074/19.04.23 | 1138/- |
| 11 | 11556/05.07.23 | 44399/- |
| ആകെ | | 184672/- |
| ലഭിക്കുവാൻ അവശേഷിക്കുന്നത് | | 15328/- |

ആകെ ലഭിക്കുവാൻ അവശേഷിക്കുന്നത്- ₹1,91,675/-യുടെ മരുന്നുകളാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.24/17.01.2024) മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ₹1,91,675/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-29 സ്ലീറ്റ് ടാപ്പ് രജിസ്റ്ററോ, സംയുക്ത പരിശോധനാ റിപ്പോർട്ടോ ഇല്ലാതെ വാട്ടർചാർജ്ജിനത്തിൽ വലിയ തുക അടവാക്കുന്നു**

ഫയൽ നമ്പർ:PH-12296/22
നഗരസഭാ പരിധിയിലെ പൊതുടാപ്പുകളുടെ വാട്ടർചാർജ്ജിനത്തിൽ പ്രതിമാസം ₹3,83,688/- വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്ട്രീറ്റ് ടാപ്പുകളുടെ വിശദ വിവരം കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാതെയും സംയുക്ത പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി പ്രവർത്തിക്കാത്ത ടാപ്പുകൾ കണ്ടെത്തി വാട്ടർ ചാർജ്ജിൽ കുറവു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതെയും പഴയ കണക്കിൽ തന്നെ വർഷങ്ങളായി വാട്ടർ ചാർജ്ജിനത്തിൽ വലിയ തുക അടവാക്കുകയാണ് ചെയ്യുന്നത്. ഇത് നഗരസഭാ ഫണ്ടിന് നഷ്ടം വരുത്തുന്നതിന് ഇടയാക്കുന്നുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെയും രജിസ്റ്ററുകൾ തയ്യാറാക്കി ചെലവിന്റെ ആവശ്യകത ഉറപ്പുവരുത്താതെയും പൊതുപണം ചെലവഴിക്കുന്നത് ഉചിതമായ നടപടിയല്ല. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.19/17.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സ്ട്രീറ്റ് ടാപ്പുകളുടെ വിശദ വിവരം കാണിക്കുന്ന രജിസ്റ്റർ തയ്യാറാക്കേണ്ടതും, സംയുക്ത പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-30 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, Burning Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് നഗരസഭ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും നഗരസഭ വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്. നിലവിൽ അൺ മീറ്ററ്റഡ് തെരുവ് വിളക്കുകൾക്കാണ് തുക അടവാക്കി വരുന്നത്.
നഗരസഭാ പരിധിയിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.26/17.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-31 വയോജനങ്ങൾക്ക് കട്ടിൽ (പട്ടികജാതിവിഭാഗം) -പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 114/2023 |
| അടങ്കൽ | ₹217500/- (എസ്.സി.പി) |
| ചെലവ് | ₹1,85,000 (എസ്.സി.പി) |
| ബിൽ നം, തിയതി | 221108000000015277 Dtd 30/03/2023 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

നഗരസഭയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിന് തയ്യാറാക്കിയ പദ്ധതി പ്രകാരം 50 ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകുന്നതിന് ₹1,85,000/- ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി പൊതുമേഖലാസ്ഥാപനമായ സിഡ്കോയിൽ നിന്നാണ് കട്ടിൽ വാങ്ങിയിട്ടുള്ളത്. കേരള സിഡ്കോ സ്റ്റീൽ കട്ടിലിന് ഒന്നിന് 3700/- രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. 24/03/2023 ലെ EKM/22-23/501 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം 50 ഗുണഭോക്താക്കൾക്കുള്ള കട്ടിലുകൾ സിഡ്കോ ലഭ്യമാക്കിയെങ്കിലും പദ്ധതി ഫയൽ, വിതരണ രജിസ്റ്റർ എന്നിവ പ്രകാരം ആകെ 48 കട്ടിലുകൾ മാത്രമാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന രണ്ട് കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-22 തിയതി-17/01/2024) ലഭിച്ച മറുപടിയിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലാണ് രണ്ട് ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം നടത്താത്തത് എന്നറിയിച്ചിട്ടുണ്ട്. വിതരണസ്ഥാപനം കട്ടിൽ ലഭ്യമാക്കി 10 മാസം കഴിഞ്ഞിട്ടും കട്ടിൽ വിതരണം പൂർണ്ണമായി നടത്താൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് ഈ വിഷയത്തിൽ അടിയന്തിര

നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗവിവരങ്ങൾ പൂർണ്ണമാകുന്നതുവരെ വിതരണം നടത്താനവശേഷിക്കുന്ന രണ്ട് കട്ടിലുകളുടെ വിലയായ ₹7,400/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണവിവരങ്ങൾ പൂർണ്ണമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 20/23 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ള വിതരണം |
| അടങ്കൽ | ₹72,096/-(ധനകാര്യകമ്മീഷൻഗ്രാന്റ്) |
| ചെലവ് | ₹114,450/-(ധനകാര്യകമ്മീഷൻഗ്രാന്റ്) |
| Pfms No | Co72240705091 ₹46800/- തിയതി 29/07/22 |
| Pfms No | Co12343891743 ₹17900/- തിയതി 20/01/23 |
| Pfms No | Co 32396656839 ₹49750/- തിയതി 31/03/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്യനിർമ്മാർജ്ജനസെൽ |

നഗരസഭയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ജനങ്ങൾക്ക് ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തുന്നതാണ് പദ്ധതി. ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയ പദ്ധതിയിൽ നിന്നും 114450/- രൂപ 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട്. M/s.ഫ്രഷ് വാട്ടർ, എരൂർ, തൃപ്പൂണിത്തുറ എന്ന സ്ഥാപനത്തിനാണ് പദ്ധതിപ്പണം നൽകിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഫയൽ പ്രകാരം പദ്ധതിയിൽ നിന്നും ₹114450/- 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവുപത്രിക പ്രകാരം ₹67,500/- മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

2)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.03.2019 ലെ 500/2019 നമ്പർ ഉത്തരവ്, സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ787/2017/DMD 23/02/2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് കുടിവെള്ളവിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ജില്ലാതല നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം തദ്ദേശസ്ഥാപനങ്ങൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. നഗരസഭയിൽ കിലോമീറ്റർ അടിസ്ഥാനത്തിലല്ലാതെ കുടിവെള്ളത്തിന്റെ അളവ് പ്രകാരമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

3) സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ഖണ്ഡിക 4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരൻ ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. എന്നാൽ ആയതിന്റെ രേഖകളൊന്നും തന്നെ ഇല്ലാതെ എന്തടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്ന് വ്യക്തതയില്ല. പദ്ധതി കാലയളവിലെ ഒരു ദിവസത്തെ പോലും ജി.പി.എസ് ലോഗ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4)പദ്ധതിയുമായി ബന്ധപ്പെട്ട വർക്ക് ഓർഡർ, കരാറുകാരന്റെ വിവരങ്ങൾ, വാഹനത്തിന്റെ വിശദാംശങ്ങൾ, വെള്ളം എടുക്കുന്ന സ്ഥലത്തിന്റെ വിവരങ്ങൾ, ഗുണമേന്മ സർട്ടിഫിക്കറ്റ് എന്നിവയൊന്നും ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. സ.ഉ.(സാ.ധാ) നം. 446/2021/ത.സ്വ.ഭ.വ. /15.2.21 പ്രകാരം ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗും, കരാറുകാരൻ ലഭ്യമാക്കിയ വിവരങ്ങളും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ സെക്രട്ടറിമാർ ചെലവ് തുക അനുവദിക്കാവൂ. ജി.പി.എസ് രേഖകൾ ഒന്നും തന്നെ സമർപ്പിക്കാതെ വെള്ളം വിതരണം നടത്തിയത് ഉറപ്പാക്കുന്നതിന് ഉദ്യോഗസ്ഥരുടെ മോണിറ്ററിംഗോ ഇല്ലാതെയും നഗരസഭയിലെവിടെയെല്ലാം, ഏതെല്ലാം സമയങ്ങളിൽ, എത്ര തവണ വീതം, ഏത് വാഹനത്തിലാണ് വെള്ളം വിതരണം ചെയ്തതെന്നും പരിശോധന നടത്തിയതായ രേഖകളില്ലാതെ, വാഹനത്തിന് ജിപിഎസ് ഘടിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാതെ കരാറുകാരൻ നൽകിയ ബില്ലിലെ മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളതായി വ്യക്തമാകുന്നു.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-15 തീയതി 16/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച ₹1,14,450/- തടസ്സപ്പെടുത്തുന്നു.

**1-33 മാലിന്യനീക്കത്തിന് വാഹനം വാടകക്ക് എടുക്കുന്നതിലെ അപാകങ്ങൾ**

| | |
|---|---|
| പ്രോജക്ട് നം | 108/23 |
| പ്രോജക്ടിന്റെ പേര് | ശുചീകരണ ആവശ്യത്തിനുള്ള വാഹന വാടക |
| അടങ്കൽ | ₹36,00,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹33,41,775/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |

നഗരസഭയിലെ പ്ലാസ്റ്റിക് മാലിന്യം ഉൾപ്പടെയുള്ളവ എം.സി.എഫിലേക്ക് നീക്കുന്നതു പോലുള്ള കാര്യങ്ങൾക്കായി വാഹനം വാടകക്ക് എടുക്കുന്ന പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ₹33,41,775/- ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

01) സർക്കാർ ഉത്തരവുകൾ പ്രകാരം 5 ലക്ഷം രൂപക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കേണ്ടത്. എന്നാൽ ഇതിന്റെ ആറിരട്ടിയിലധികം ചെലവഴിച്ച (₹33,41,775/-) പദ്ധതിക്കായി സാധാരണ ടെണ്ടർ നടപടി മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്.

02) വാഹനം വാടകക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ 2013 മുതൽ ഒരേ കരാറുകാരൻ തന്നെയാണ് മാലിന്യനീക്കത്തിനുള്ള വാഹനവാടക പ്രവൃത്തി ഏറ്റെടുക്കുകയും വാഹനം വിതരണം ചെയ്ത് കരാർ തുക കൈപ്പറ്റിയിട്ടുള്ളതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

03) മാലിന്യം നീക്കുന്ന ആവശ്യത്തിലേക്കായി നഗരസഭ രണ്ട് ടിപ്പർ ലോറികൾ (KL 39 E 5974, KL 39 E 6146 ) വാങ്ങി. കൂടാതെ ഒരു ട്രാക്ടറുമുണ്ട്. എന്നാൽ ഈ വാഹനങ്ങൾ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതിനാൽ ഉപയോഗിക്കുന്നില്ലായെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ എന്തുകൊണ്ടാണ് സമയബന്ധിതമായി പൂർത്തീകരിക്കാത്തതെന്നോ എന്തുകൊണ്ടാണ് വാഹനങ്ങൾ മാലിന്യനീക്കത്തിനായി നാളിതുവരെയായി ഉപയോഗിക്കാത്തതെന്നോ വ്യക്തമല്ല. നഗരസഭക്ക് സ്വന്തമായി വാഹനങ്ങൾ ഉൾപ്പടെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായിരിക്കെ അത് പ്രയോജനപ്പെടുത്താതെ സ്വകാര്യവ്യക്തിയുടെ വാഹനങ്ങൾ വാടക നൽകി ഏറ്റെടുക്കുകയും തുക ചെലവഴിക്കുകയും ചെയ്യുന്നതിന് വ്യക്തമായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

04) 2022-23 സാമ്പത്തിക വർഷം ₹33,41,775/- ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഫയലിൽ ഈ കാലയളവിലെ ബിൽ വിവരങ്ങളോ ചെലവിന്റെ വൗച്ചറുകളോ ട്രിപ്പ് ഷീറ്റോ UTR വിവരങ്ങളോ

ഉൾപ്പെടുത്തിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-43 തിയതി 19/01/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ പദ്ധതിയിൽ ചെലവഴിച്ച ₹33,41,775/-തടസ്സപ്പെടുത്തുന്നു.

**1-34 മാലിന്യസംസ്കരണ കിയോസ്ക്- സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് നം | 19/2023 |
| പ്രോജക്ടിന്റെ പേര് | മാലിന്യ സംസ്കരണ കിയോസ്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| അടങ്കൽ | ₹20,28,970/- **(ധനകാര്യകമ്മീഷൻ ഗ്രാന്റ്)** |
| ചെലവ് | ₹1938645/- ( PFMS നം-C042314758934 -Rs.19,38,645/-) |

നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾകാര്യക്ഷമമാക്കുന്നതിനായി പ്ലാസ്റ്റിക് ബോട്ടിലുകൾ ശേഖരിക്കുന്നതിനുള്ള ബിന്നുകൾ ശേഖരിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയും ക്വട്ടേഷൻ വഴി മെ.കാഡ്കോയിൽ നിന്നും ഒന്നിന് ₹48,466 നിരക്കിൽ 02/03/2023 ലെ 29-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 40 എണ്ണം സ്റ്റീൽ ബിന്നുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരം ₹100000/- ക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ നടപടിയിലൂടെയാണ് നടത്തേണ്ടത്. നഗരസഭ നടപ്പാക്കിയ പദ്ധതിയിൽ ഓപ്പൺ ടെണ്ടർ നടപടി സ്വീകരിക്കേണ്ടതിന് പകരം ക്വട്ടേഷൻ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ടെണ്ടർ നോട്ടീസ് തയ്യാറാക്കി, അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 14 ദിവസത്തെ സമയം അനുവദിച്ചാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

02) കാഡ്കോയുടെ 28/03/2023 ലെ CRO/22-23/398 നം ബിൽ പ്രകാരം ₹19,38,645.60 ചെലവഴിച്ച് 40 എണ്ണം സ്റ്റീൽ ബിന്നുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി ഫയൽ പ്രകാരം ഇതിൽ 14 എണ്ണം മാത്രമാണ് വിവിധ സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും സ്ഥാപിച്ചതായി രേഖയുള്ളത്. ബാക്കി 26 എണ്ണം ഇതുവരെ സ്ഥാപിച്ചിട്ടില്ല.

03) കൃത്യമായ ആവശ്യകത നിർണ്ണയം നടത്താത്തതും സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളുടെ എണ്ണവും വിവരങ്ങളും മുൻകൂർ നിശ്ചയിച്ച് മാത്രം വാങ്ങൽ നടത്താത്തതിനാലുമാണ് വാങ്ങിയവ പൂർണ്ണമായി സ്ഥാപിക്കാനാകാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത്.

ബാക്കി ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13 തീയതി 16/01/2024) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.കിയോസ്കുകളുടെ വിതരണ വിവരങ്ങളുടെ അഭാവത്തിൽ സ്ഥാപിച്ചതായി രേഖകളില്ലാത്ത കിയോസ്കുകളുടെ ഒന്നിന് ₹48,466/- നിരക്കിലുള്ള 36 എണ്ണത്തിന്റെ ചെലവ് ₹12,60,116/- തടസ്സപ്പെടുത്തുന്നു. കിയോസ്കുകളുടെ വിതരണവിവരങ്ങൾ അറിയിക്കേണ്ടതാണ്.

**1-35 ഹോമിയോ മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ ലഭ്യമായിട്ടില്ല.**

| | |
|---|---|
| പ്രൊജക്ട് നം.,പേര് | 5/23, ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് |

| | |
|---|---|
| | വാങ്ങൽ. |
| അടങ്കൽ | 13,00,000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 13,00,000/- TRN 12123/27.1.23. |
| നിർവഹണഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സർക്കാർ ഹോമിയോ, ഡിസ്പെൻസറി. |

നഗരസഭയിലെ 5 ഹോമിയോ ഡിസ്പെൻസറികളിൽ മേൽ പദ്ധതി പ്രകാരം മരുന്ന് ലഭിക്കുന്നതിനായി HOMCO യ്ക്ക് ₹13,00,000/-കൈമാറിയിട്ടുണ്ട് .

താഴെ ചേർത്ത പ്രകാരം രണ്ട് ഡിസ്പെൻസറികളുടെ ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ സ്റ്റോക്ക് വിവരം പരിശോധനക്ക് ലഭ്യമാക്കിയിരുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഇൻവോയ്സ് വിവരം , ലഭിച്ച മരുന്ന് | ലഭിക്കാനവശേഷിക്കുന്ന മരുന്നിന്റെ വില | ആകെ അടവാക്കിയ തുക |
|---|---|---|---|---|
| 1 | ഗവ.ഹോമിയോ ഡിസ്പെൻസറി. | LF 944/10.8.2023. 193823/- | 206177/- | 400000/- |
| 2 | NHM Phc, ഇരുമ്പനം. | LF 1007/14.08.23-98235/- | 201765/- | 300000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.59/20.1.24) ലഭ്യമാക്കിയ മറുപടിയിൽ മേൽ ചേർത്ത മരുന്നുകൾ ഓഡിറ്റിന് ശേഷം HOMCO യിൽ നിന്നും ലഭ്യമായിട്ടുണ്ട് എന്നാണ് അറിയിച്ചത്. പ്രസ്തുത മരുന്നുകൾ സ്റ്റോക്കിലെടുത്ത് ഇൻവോയിസുകളും, രജിസ്റ്ററുകളും, രേഖകളും സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-36 മോനിപ്പിള്ളി കല്ലുവെച്ചകാട് റോഡ് കട്ട വിരിക്കൽ പ്രവൃത്തി (വാർഡ്-34) – നിർവ്വഹണത്തിൽ ന്യൂനതകൾ.**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0368/23 |
| പ്രവൃത്തിയുടെ പേര് | മോനിപ്പിള്ളി കല്ലുവെച്ചകാട് റോഡ് കട്ട വിരിക്കൽ (വാർഡ്-34) . |
| കരാറുകാരൻ | ശ്രീ.ജബ്ബാർ |
| ഇ എം. ബുക്ക് നം. | 103614/22 |
| എസ്റ്റിമേറ്റ് തുക | 500,000/- |
| കരാറുകാരന് നൽകിയ തുക | 385620/- (Bill 398/11-03-22) |
| ബിൽ നം,തീയതി | 1331774/11.3.2023. |

മേൽ ചേർത്ത പ്രവൃത്തിയുടെ ഫയൽ പ്രകാരം അക്കൗണ്ട് ഓഫ് വർക്ക് എക്സിക്യൂട്ടഡിൽ ക്രമനമ്പർ രണ്ടിൽ സിമൻറ് കോൺക്രീറ്റ് കട്ട വിരിക്കുന്നതിനുള്ള നിരക്ക് (എം ഫോർട്ടി) സ്ക്വയർ മീറ്ററിന് ₹1008.47 യാണ്. പ്രസ്തുത പ്രവൃത്തിയുടെ എംബുക്കിലെ ഐറ്റം നമ്പർ 1.002 പ്രകാരം ആകെ നീളം 90.50 മീറ്ററും വീതി ശരാശരി 3.93 മീറ്ററുമാണ്. പ്രവൃത്തിയുമായി ബന്ധപ്പെട്ട സ്ഥലത്ത് നേരിട്ട് നടത്തിയ പരിശോധനയിൽ ആകെ നീളം 86.50 മീറ്റർ ആണെന്ന് കാണുകയുണ്ടായി. എംബുക്കിൽ രേഖപ്പെടുത്തിയ അളവിനേക്കാൾ ഏതാണ്ട് 15.72sqm കുറവാണെന്ന് കാണുകയുണ്ടായി. (അതായത് 4mx3.93= 15.72m$^2$x1008.46= 15853/-) ആയതിനാൽ ഇത്തരം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ

(നം.56/20.1.24) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നടത്തിയതിന്റെ ഗുണനിലവാരവും അളവും കൃത്യത ഉറപ്പുവരുത്തി തുക അനുവദിക്കേണ്ടതാകുന്നു. പ്രവൃത്തിയിൽ കണ്ട മേൽ ചേർത്ത അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 ഗസരിനഗർ ചിറ്റേടത്ത് പറമ്പ് റോഡും കുഴിയാന റോഡും കട്ട വിരിക്കലും കാന നിർമ്മാണവും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

| | |
|---|---|
| ഫയൽ നമ്പർ | Pw – 11752/22 (Proj. 158/23) |
| പ്രവൃത്തിയുടെ പേര് | ഗസരിനഗർ ചിറ്റേടത്ത് പറമ്പ് റോഡും കുഴിയാന റോഡും കട്ട വിരിക്കലും കാന നിർമ്മാണവും. |
| കരാറുകാരൻ | ശ്രീ.ബാബു.പി.വി. |
| എം ബുക്ക് നം. | 20511/20-21 |
| എസ്റ്റിമേറ്റ് തുക | 12,61,553/- |
| ബിൽ നം, നൽകിയ തുക | 330/23, 15.3.23, തുക.8,77139/- |

മേൽ ചേർത്ത പ്രവൃത്തിയുടെ കരാർ പ്രകാരം ഇനം 1.004 ഇൻറർലോക്ക് കട്ടയുടെ നിരക്ക് എസ്റ്റിമേറ്റിൽ നിന്നും സ്ക്വയർ മീറ്ററിന് ക്വോട്ട് ചെയ്ത ബിലോ റേറ്റ് ആയ ₹866.86 യാണ്. അംഗീകാരം നൽകിയ അക്കൗണ്ട് ഓഫ് വർക്ക് എക്സിക്യൂട്ടഡ് പ്രകാരം ക്രമ നമ്പർ നാലിലെ പ്രവൃത്തിയായ M30 ഗ്രേഡ് കട്ട വിരിക്കലിന് അനുവദിച്ച തുക 866.88 X768.4സ്ക്വയർ മീറ്ററിന് 666110.59 രൂപയാണ്. (Agreement No.55/22-23, Dt, 21.12.22) എം ബുക്ക് പ്രകാരവും M30 യാണ് വിരിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഇൻറർലോക്കിങ് പേവർ ടെസ്റ്റിന്, AEE, എൽഇഡി ആൻഡ്.ഡബ്ലിയു., സബ് ഡിവിഷൻ, മൂവാറ്റുപുഴയിലേക്ക് അയച്ച കത്ത് പ്രകാരം 80mm, എം40 ഗ്രേഡ് കട്ടയുടെ കംപ്രസീവ് സ്ട്രെങ്ത്ത് നടത്തുന്നതിനാണ് ബന്ധപ്പെട്ട ഈ കത്തും സാമ്പിളും നൽകിയിട്ടുള്ളത്. എം30 ഗ്രേഡ് കട്ട വിരിച്ചതിന്റെ നിരക്ക് അനുവദിച്ച കഴിഞ്ഞിട്ടുള്ളതാണെങ്കിലും എം 40 കട്ടയുടെ സാമ്പിളാണ് അയച്ചിട്ടുള്ളത്. ആയത് പ്രസ്തുത പ്രവൃത്തിയുടേതല്ല എന്ന് കാണുന്നു. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി അതേ സൈറ്റിലെ കട്ട തന്നെ സ്ട്രെങ്ത് ടെസ്റ്റിനായി നൽകാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. അപ്രകാരം പ്രസ്തുത പ്രവർത്തിയുടെ ടെസ്റ്റ് നടന്നിട്ടില്ല എന്ന് കാണുന്നു. മേൽ പ്രവൃത്തിയിൽ കണ്ട ന്യൂനത സംബന്ധിച്ച് നൽകിയ (നം.57/20.1.24) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 ടാറിംഗ് റോഡ് റീടാറിംഗ് ചെയ്യാതെ ടാറിംഗ് പൊളിച്ച് മാറ്റിചെലവേറിയ കോൺക്രീറ്റ് കട്ട വിരിക്കുന്ന പ്രവൃത്തി നടത്തുന്നു.

നഗരസഭയുടെ മരാമത്ത് പ്രവൃത്തികളിൽ നിലവിലുള്ള ടാറിംഗ് റോഡും കോൺക്രീറ്റിംഗ് റോഡും എല്ലാം തന്നെ പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് കട്ട വിരിക്കുകയാണ് ഭൂരിഭാഗം പ്രവൃത്തികളും. റീടാറിംഗ് പ്രവൃത്തികൾ ഒന്നും നഗരസഭ ചെയ്യുന്നില്ല. നിലവിലുള്ള ആകെ ടാറിംഗ് റോഡും കോൺക്രീറ്റിംഗ് റോഡും പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് കട്ട വിരിക്കേണ്ടതിന്റെ കാരണവും വ്യക്തമല്ല.

റീടാറിംഗ് ചെയ്യുന്നതിന് ഒരു ചതുരശ്രമീറ്ററിന് ₹350/- മാത്രമാണ് ചെലവ് വരുന്നത് . എന്നാൽ കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ഒരു ചതുരശ്രമീറ്ററിന് ശരാശരി ₹1008/- ൽ അധികം വരുന്നു. അതായത് റീടാറിംഗ് ചെയ്യുന്നതിന്റെ സുമാർ മൂന്നിരട്ടിയോളം തുകയാണ് കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ചെലവഴിക്കുന്നത്. ഇതിൽ ടാറിംഗ് റോഡ് പൊളിച്ച് മാറ്റിയത് വീണ്ടും നിരത്തുന്നതിന് ഒരു ഘനമീറ്ററിന് ₹393.92 യാണ് നൽകുന്നത്. ടാറിംഗ് റോഡും കോൺക്രീറ്റിംഗ് റോഡും പൊളിച്ച് മാറ്റി കോൺക്രീറ്റിംഗ് കട്ട വിരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ (നം.55/20.1.24) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് കുറവുള്ള പ്രവൃത്തി അവലംബിക്കാവുന്നതും, ഓഡിറ്റ്

പരാമർശങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-39 ടേക്ക് എ. ബ്രേക്ക്- പദ്ധതി നിർവ്വഹണത്തിൽ അപാകത.**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0058/23 |
| പ്രവൃത്തിയുടെ പേര് | ടേക്ക് എ. ബ്രേക്ക് - ടോയ്‌ലറ്റ് അറ്റകുറ്റപണികൾ. |
| കരാറുകാരൻ | ശ്രീ. ബദ്രൻ.വി.വി. |
| എം ബുക്ക് നം. | 146/20-21 |
| എസ്റ്റിമേറ്റ് തുക | ₹9,00,000/- |
| ബിൽ നം, തുക | 423891/- (Bill 300461475/25-08-22) |

മേൽപ്പറഞ്ഞ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ 28.2.21 ൽ പൂർത്തിയായതായും പണം അനുവദിക്കാവുന്നതായും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 30.03.22 വരെ ഫണ്ട് ലഭ്യമായിരുന്നില്ല. 2022-23 ൽ സ്പില്ലോവറായി ഉൾപ്പെടുത്തി, കരാറുകാരന് നിയമാനുസൃതമായ കിഴിവുകൾ കഴിച്ച് ₹408751/- അനുവദിക്കുകയും ഉണ്ടായി. 2023 -ലെ പ്രോജക്ടിൽ പ്രോജക്റ്റ് ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി രേഖപ്പെടുത്തിയിട്ടുള്ളത്, നഗരസഭയിലെ ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആയിട്ടാണ് പ്രോജക്റ്റ് വിഭാഗം ചെയ്യുന്നത് എന്നാണ്. പ്രസ്തുത പ്രവൃത്തി നടത്തിയതിലെ പ്രധാന ഇനങ്ങൾ താഴെ ചേർക്കുന്നു.

6 WashBasin @ 2826.62 – ₹16959/-

6 Water Closet @ 4782.42 – ₹28694.52

81.375sqm Tiles @ 1041.90 – ₹84784/-

നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) 16.1.2024 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കൊപ്പം സ്ഥലം പരിശോധന നടത്തിയതിൽ ഒരു ശുചിമുറി മാത്രമാണ് തുറന്നു കാണാൻ സാധിച്ചത്. ആയതിൽ ക്ലോസറ്റും ഫ്ലഷും ഉപയോഗയോഗ്യമല്ലാതെ പൊട്ടിയ അവസ്ഥയിലാണ്. അവിടെയുള്ള ഇൻസിനറേറ്ററും പ്രവർത്തനരഹിതമാണ്. ബാക്കി 5 ടോയ്‌ലറ്റുകളും ഉപയോഗ്യമാണോ എന്ന് അറിയുവാനും പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്നും അറിയാനും സാധിച്ചിട്ടില്ല. ബാക്കി എല്ലാം പൂട്ടിയ അവസ്ഥയിലായതിനാൽ ആയത് കാണാനായിട്ടില്ല.

2) സർക്കാർ ഉത്തരവ് ( സ.ഉ. (സാധാ) നം. 1401/2020/ത.സ്വ.ഭ.വ തീയതി. 27.7.2020) പൊതു ടോയ്‌ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും എന്ന പദ്ധതി നടത്തിപ്പിൽ ടേക്ക് എ ബ്രേക്ക്' സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ദേശീയ-സംസ്ഥാനപാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവയിലാണ് ശുചിമുറികൾ നിർമ്മിക്കേണ്ടത് എന്ന് പറയുന്നുണ്ട്. മാർഗ്ഗനിർദേശങ്ങളിൽ നഗരസഭക്കകത്തെ കെട്ടിടത്തിലെ ശുചിമുറി റിപ്പയർ ചെയ്യാൻ 'ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ വ്യവസ്ഥയുള്ളതായി കാണുന്നില്ല. മേൽ ചേർത്ത പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.58/20.1.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ശുചിമുറികളും അതിലുള്ള നാപ്കിൻ ഇൻസിനറേറ്ററുകളും ഉപയോഗയോഗ്യമാക്കേണ്ടതാണ്. മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-40 അഗതിരഹിത കേരളം പദ്ധതി – വിനിയോഗ രേഖകളില്ല.**

| | |
|---|---|
| പ്രോജക്ട് നം | 122/23 |
| അടങ്കൽ | ₹2,00,000/-(വികസനഫണ്ട് ജനറൽ) |

| | |
|---|---|
| ചെലവ് | ₹2,00,000/-(വികസനഫണ്ട് ജനറൽ) BRN-22110800000015109 Dtd 28/03/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |

നഗരസഭയിൽ നടപ്പാക്കിയ **"അഗതിരഹിതകേരളം"** പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം ₹2,00,000/- ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായുള്ള തുക സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളതല്ലാതെ പ്രോജക്ട് പ്രകാരമുള്ള ചെലവ് സംബന്ധിച്ച രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം എത്രപേർക്ക് നൽകിയെന്നോ, സാധനങ്ങൾ വാങ്ങി നൽകിയതിന്റെ ബിൽ വിവരങ്ങളോ, നൽകിയ തുകയുടെ കൈപ്പറ്റ് വിവരങ്ങളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-36 Dtd 19/01/2024) നൽകിയെങ്കിലും രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവുതുക ₹2,00,000/- തടസ്സപ്പെടുത്തുന്നു.വിശദമായ ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-41 അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിച്ചിട്ടില്ല

കേന്ദ്രസർക്കാറിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും അനുവദിക്കുന്ന (2016 ഒക്ടോബർ മുതൽ) സ്റ്റൈപ്പന്റിന്റെ 25% പരമാവധി ₹1500/-സ്റ്റൈപ്പന്റ് നൽകുന്ന സ്ഥാപനത്തിന് കേന്ദ്രസർക്കാർ നൽകുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26.09.2016 ലെ എഫ്-1/21777/2016 ാം നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം നഗരസഭയിൽ ICWAI തസ്തികയിൽ അപ്രന്റിസ് ട്രെയിനിയായി നിയമിച്ച രണ്ട് പേർക്ക് പ്രതിമാസം ₹16,000/- വീതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 25% പരമാവധി ₹4000/- വീതം പ്രതിമാസം നഗരസഭയ്ക്ക് തിരികെ ലഭിക്കേണ്ടതാണ്. ഇതനുസരിച്ച് തുക ലഭ്യമായതിന്റെ വിവരങ്ങളും സ്റ്റൈപ്പന്റ് നൽകിയ ഇനത്തിൽ 2022-23 സാമ്പത്തിക വർഷം നഗരസഭ ആകെ ചെലവഴിച്ച തുകയുടേയും, നഗരസഭക്ക് തിരികെ ലഭിക്കാനുള്ള തുകയുടെയും വിശദാംശങ്ങളും നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.01/08.01.2024)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ആയത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുക ലഭിച്ചതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-42 ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്

1) ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നില്ല

തൃപ്പൂണിത്തുറ നഗരസഭയിൽ നിലവിലുള്ള മിക്ക വാഹനങ്ങളും ഉപയോഗ്യശൂന്യമായവയോ 15 വർഷം പൂർത്തിയാക്കിയവയോ ആണ്. സ.ഉ.(കൈ)നം.45/2019/പൊ.ഭ.വ തീയതി 14.10.2019 പ്രകാരം സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഭാരത സർക്കാരിന്റെ സ്ക്രാപ്പേജ് പോളിസിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തണം

കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 16.01.2023ലെ നോട്ടിഫിക്കേഷൻ പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള 15 വർഷം പൂർത്തിയാക്കിയ വാഹനങ്ങൾ "Motor Vehicles (Registration & Functions Of Vehicle Scrapping Facility) Rules 2021 പ്രകാരം കണ്ടം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ കണ്ടം ചെയ്യുന്ന വാഹനങ്ങൾക്ക് വെഹിക്കിൾ സ്ക്രാപ്പിങ് പോളിസി അനുസരിച്ച് വിവിധ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.16/17.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച്

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-43 നഗരസഭയുടെ വായ്പാ കണക്കുകൾ കൃത്യമല്ല - ബാധ്യത കണക്കാക്കിയതിന് വ്യക്തതയില്ല

നഗരസഭയിലെ വായ്പ സംബന്ധമായ വിവരങ്ങൾ പരിശോധിച്ചതിൽ Loans Under National Slum Devlopment Project ൽ ₹6,08,100/-, Loans From State Government ₹1,42,155/- എന്നിങ്ങനെ ₹7,50,255/- യുടെ ബാധ്യതകൾ വാർഷിക ധനകാര്യപത്രിക പ്രകാരം നിലനിൽക്കുന്നുണ്ട്. വർഷങ്ങളായി വാർഷിക ധനകാര്യപത്രികയിൽ ഇതേ തുകകൾ തന്നെയാണ് ബാധ്യതയായി രേഖപ്പെടുത്തി വരുന്നത്.ഈ വായ്പകളുടെ നിലവിലെ സ്ഥിതിവിവരങ്ങൾഒന്നുംതന്നെ ലഭ്യമല്ല. നഗരസഭയുടെ വായ്പാബാധ്യതകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ വാർഷിക ധനകാര്യപത്രികകളിൽ നിന്നും ലഭിക്കുന്നില്ല. ഈ വായ്പകൾ ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എന്നുമുതലാണ് എടുത്തത്, വായ്പയുടെ കാലാവധി, ബാക്കിയുള്ള തുക ഒടുക്കാത്തതിന്റെ കാരണം, വായ്പാ സംബന്ധമായ മറ്റ് വ്യവസ്ഥകൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമായ രേഖകൾ പ്രകാരമുള്ള ബാധ്യതാവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | ലോൺ തുക | തിരിച്ചടച്ച തുക | തിരിച്ചടച്ച പലിശ | ബാക്കി അടക്കാനുള്ള വായ്പാതുക |
|---|---|---|---|---|
| A1/8326/99 | ₹616000/- | ₹ 246400/- | ₹ 61600/- | ₹ 308000/- |
| A1/8326/99 (2) | ₹ 500000/- | ₹ 200000/- | | ₹ 300000/- |
| A1/19009/96 | ₹ 250000/- | ₹ 210271/- | | ₹ 39723/- |
| A1/14823/95 | ₹ 225000/- | ₹ 122574/- | ₹ 71413/- | ₹ 102426/- |

നഗരസഭയുടെ വായ്പകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നാളിതുവരെ എടുത്ത വായ്പകളുടെയും തിരിച്ചടവിന്റെയും വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കുവാനും അവ വായ്പ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി ഒത്തുനോക്കി ക്രമപ്പെടുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. വായ്പാബാധ്യതയുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കുകളിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ വായ്പകൾ ഇതിനകം അടച്ചുതീർത്തിട്ടുള്ളതാണോ വായ്പ തീർപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങളും പരിശോധനവിധേയമാക്കി ആവശ്യമായ തുടർനടപടികൾ കൗൺസിൽ അംഗീകാരത്തോടെ സ്വീകരിക്കേണ്ടതാണ്.

### 1-44 ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം: അപാകതകൾ

ഓഡിറ്റ് വർഷം ദിവസവേതന വ്യവസ്ഥയിൽ നഗരസഭയിൽ 39 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനം

മൂന്നാം ഗ്രേഡ് നഗരസഭയിലെ ജീവനക്കാരുടെ അംഗബലം തന്നെയാണ് ഇപ്പോഴും നഗരസഭ പിൻതുടരുന്നത്. എന്നാൽ എറണാകുളം ജില്ലയിലെ ഒരു പ്രധാന സ്ഥലമെന്ന നിലയിൽ തൃപ്പൂണിത്തുറ നഗരസഭ ധാരാളം വരവ്-ചെലവുകളുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനമായി മാറുകയും ചെയ്തു. ജീവനക്കാരുടെ കുറവുണ്ടായതിന്റെ അടിസ്ഥാനത്തിൽ താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചു. ഇത്തരത്തിൽ ഓഡിറ്റ് വർഷം 39 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, കണ്ടിജന്റ് ജീവനക്കാർ നഗരസഭയിൽ ദിവസന വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവരെ എപ്രകാരമാണ് തെരഞ്ഞെടുത്തത് എന്നും, നിയമിച്ചത് എന്നാണെന്നും വ്യക്തമല്ല. ഇവരുടെ നിയമന കാലാവധി 179 ദിവസം തികയുമ്പോൾ നിയമനം ദീർഘിപ്പിച്ചു നൽകുന്ന രീതിയാണ് നഗരസഭ അവലംബിക്കുന്നത്.

നഗരസഭയുടെ നടപടി 1959 ലെ The Employment Exchange ( Compulsory Notification Of Vacancies) Act ലെ നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. സംസ്ഥാന സർക്കാരിന്റെ ലേബർ & റീഹാബിലിറ്റേഷൻ

വകുപ്പിന്റെ 05.02.2014 ലെ 25941/G2/2013/LBR നമ്പർ സർക്കുലർ പ്രകാരം പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1959 ലെ സി.എൻ.വി. ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന സ്ഥാപന മേധാവികൾ ഇതിന് വ്യക്തിപരമായി ഉത്തരവാദികളായിരിക്കും എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനെല്ലാം വിരുദ്ധമായിട്ടാണ് നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ നഗരസഭയിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചുവരുന്നത്. ഈ നടപടി ഇന്ത്യൻ ഭരണഘടന പൗരന് ഉറപ്പുനൽകുന്ന പൊതുതൊഴിലുകളിലെ അവസരസമത്വം എന്ന മൗലികാവകാശം നിഷേധിക്കുന്നതു കൂടിയാണ്.

2. താൽക്കാലിക നിയമനം - സുതാര്യമല്ല

മേൽ പരാമർശിച്ച അപാകത നിലനിൽക്കെത്തന്നെ താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ നിയമനം സുതാര്യമായല്ല നടത്തിയിട്ടുള്ളത്. നിയമനത്തിനായുള്ള യോഗ്യത നിശ്ചയിക്കുകയോ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയോ അർഹതയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയോ ചട്ടപ്രകാരമുള്ള സംവരണതത്ത്വം പാലിക്കുകയോ ചെയ്യാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. നടപടിക്രമങ്ങളിൽ ഒരു പൊതു സ്ഥാപനം ഉറപ്പുവരുത്തേണ്ട യാതൊരു സുതാര്യതയും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. നിയമിക്കപ്പെട്ടവർക്ക് നിയമന ഉത്തരവ് നൽകുകയോ കാലാവധി തീരുന്ന മുറയ്ക്ക് ടെർമിനേഷൻ നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല. അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.25/17.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. താത്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാർ ഉത്തരവുകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-45 തനത് ഫണ്ടിൽ നിന്നും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിലേക്ക് നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല**

2022-23 സാമ്പത്തിക വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് സർക്കാർ വകയിരുത്തിയിരുന്ന തുകയുടെ അലോട്ട്മെന്റ് ലഭിക്കുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയും തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുമ്പോൾ തുക തനത്ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിന് നിർദ്ദേശിച്ചും നഗരകാര്യവകുപ്പ് ഡയറക്ടർ DUA/5769/2022-DC-3 Dtd 23/12/2022 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം 770476/08.03.22 നമ്പർ ചെക്ക് മുഖേന ₹20,00,000/-യും, 682132/21.02.23നമ്പർ ചെക്ക് മുഖേന ₹25,00,000/-യും ചേർത്ത് ആകെ ₹45,00,000/- നഗരതൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് തനത്ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക തിരികെ തനത് ഫണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടതായി രേഖകളൊന്നുമില്ല. അഡ്വാൻസ് തുക തിരികെ ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-30 Dtd 17/01/2024) ലഭ്യമാക്കിയ മറുപടിയിൽ ₹20,00,000/- റീ കൂപ്പ് ചെയ്യുന്നതിനായി ബില്ല് നൽകിയെങ്കിലും ബില്ല് റിജെക്ട് ചെയ്തതിനാൽ അനുമതിക്കായി ധനകാര്യവകുപ്പിലേക്ക് കത്ത് നൽകിയെന്നും ഇതിൽ തീരുമാനമായിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. തദ്ദേശവകുപ്പിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുമ്പോൾ അഡ്വാൻസ് തുക തനത്ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിന് നഗരകാര്യവകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**1-46 നൈപുണ്യ നഗരം ഡിജിറ്റൽ സാക്ഷരതാപദ്ധതി നടപ്പാക്കിയതിലെ അപാകതകൾ**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 293/23 , നൈപുണ്യ നഗരം വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | നഗരസഭാ സെക്രട്ടറി |
| അടങ്കൽ | ₹ 40,000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹24,000/- |

| ബിൽ നം /തീയതി | 520 / 28.03.2023 |
|---|---|

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലും സബ്സിഡി മാർഗ്ഗരേഖയിലും 2022-23 വാർഷിക പദ്ധതിയിൽ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, നവ കേരളം കർമ്മ പദ്ധതി, മറ്റ് വികസന മിഷനുകൾ, ഏജൻസികൾ, കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ എന്നിവയുമായുള്ള സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണെന്നും ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും വിഹിതം വകയിരുത്തി ഏറ്റെടുക്കേണ്ട സംയുക്ത/സംയോജിത പ്രൊജക്ടുകളെ സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ ചർച്ചകൾ നടത്തി തയ്യാറാക്കിയതും ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർബ്ബന്ധമായും ഏറ്റെടുക്കേണ്ടതുമായ പദ്ധതികളിലൊന്നാണ് നൈപുണ്യ നഗരം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ ജില്ലാ പ്ലാനിങ്ങ് ഓഫീസറുടെ 03.10.2022 ലെ 103578/22/ DPC/DPO/EKM/12 നം. കത്തിൽ വിശദമാക്കിയിട്ടുണ്ട്. സംയുക്ത പദ്ധതിയായതിനാൽ വിവിധ പ്രവർത്തനങ്ങൾ വിവിധ സ്ഥാപനങ്ങൾക്കായി വിഭജിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് നഗരസഭയുടെ ചുമതലയിൽപ്പെടുന്ന ചുമതലകൾ താഴെപ്പറയുന്നവയാണ്.

1. പദ്ധതിയിൽ പങ്കെടുക്കുന്നതിനു തൽപ്പരരായ 60 വയസ്സിനു മുകളിൽ പ്രായവും ഇംഗ്ലീഷ് വായിക്കാൻ അറിവുമുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുകയും 50 പേർക്കിരിക്കാവുന്ന ക്ലാസ്സ് റൂം, കസേര, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യം, കമ്പ്യൂട്ടറുകൾ സജ്ജീകരിക്കുന്നതിനുള്ള മേശകൾ, ഗുണഭോക്താക്കൾക്കുള്ള കുടിവെള്ളം തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്യുക(കത്തിലെ ക്രമ നം. 3 പ്രകാരമുള്ള നിർദ്ദേശം).

2. പരിശീലനം കഴിയുന്ന മുറയ്ക്ക് IHRD സമർപ്പിക്കുന്ന ഇൻവോയ്സ് പരിശോധിച്ച് ഒരാൾക്ക് ₹800/- നിരക്കിൽ പരിശീലന തുക IHRD യുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചുനൽകുക( ക്രമനം. 5).

3. 50 പേരുടെ ഈ പരിശീലനപരിപാടിയിൽ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കുകയും ഏറ്റവും ചുരുങ്ങിയത് 30 പേരെയെങ്കിലും പങ്കെടുപ്പിക്കുകയും കുറഞ്ഞത് 30 പേരുടെ പദ്ധതി തുക IHRD യ്ക്ക് കൈമാറുകയും ചെയ്യുക(ക്രമനം.6).

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. നഗരസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 20 പേരാണ് ഉൾപ്പെടുന്നത്. എന്നാൽ ഹാജർ രേഖകളനുസരിച്ച് പരിശീലനത്തിൽ പങ്കെടുത്ത 20 പേരിൽ 12 പേർ മാത്രമാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ.

2. 2022 ഡിസംബർ 14 മുതൽ 24 വരെയായിരുന്ന നിർദ്ദിഷ്ട പരിശീലന പരിപാടി. 20 ഗുണഭോക്താക്കൾക്കായി ₹24,000/-യാണ് കൈമാറിയിട്ടുള്ളത്. പരിശീലനം പൂർത്തീകരിക്കുന്നതിനുമുമ്പേ തുക കൈമാറി.

3. പരിശീലനാർത്ഥികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നത് നഗരസഭയുടെ ഉത്തരവാദിത്വമാണ്. ചായയും സ്നാക്സും നൽകുന്നതിന് തുക വകയിരുത്തേണ്ടത് ജില്ലാ പഞ്ചായത്താണ്. എന്നാൽ അഞ്ചു ദിവസം ചായയും സ്നാക്സും നൽകിയ വകയിൽ തുക നഗരസഭ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഉച്ചഭക്ഷണം നൽകുന്നതിന് പദ്ധതി മോണിട്ടറിങ്ങ് എന്ന പ്രോജക്റ്റിൽനിന്ന് തുക വകയിരുത്തുവാൻ ചെയർമാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ചായ വാങ്ങുന്നതിനു ചെലവായ തുക ജില്ലാ പഞ്ചായത്തിൽ നിന്ന് തിരികെ ലഭിച്ചതിന്റേയും ഉച്ചഭക്ഷണം നൽകുന്നതിന് പ്രത്യേക അനുവാദം ലഭ്യമായതിന്റേയും വിവരം ഫയലിൽ ഇല്ല.

4. ഏതു വിഷയത്തിലാണ് പരിശീലനം നൽകിയതെന്നോ പരിശീലകർ ആരെന്നോ വിശദമാക്കുന്ന ഷെഡ്യൂളോ വിവരങ്ങളോ ഫയലിലില്ല.

5. പരിശീലനം പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് ഐ.എച്ച്. ആർ.ഡി യും ജില്ലാ ആസൂത്രണ സമിതി ചെയർമാനും ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണെന്ന് പ്രോജക്റ്റിൽ പറയുന്നുണ്ടെങ്കിലും സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകളില്ല.

6. പദ്ധതി പൂർത്തികരിച്ച് മോണിറ്ററിങ്ങ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

അപാകതകൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(49/19.01.2024)മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കേണ്ടതും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതുമാണ്. സാധൂകരണം ലഭ്യമാകുന്നത് വരെ ₹24,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-47 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അപാകതകൾ**

| പ്രോജക്ട് നം. | S0216/23 |
|---|---|

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീരവികസന ഓഫീസർ |
| അടങ്കൽ | 1000000/-(വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1000000/- |
| തുക, ബിൽ നം.& തീയതി. | 1)679613/-, 1/22-23,22-11-22<br>2)147340/-, 4/22-23,12-12-22<br>3)90751/-, 3/22-23,31-12-22<br>4)82296/-, 187/4-1-23 |
| | |

ടി പ്രോജക്ട് പ്രകാരം ഇരുമ്പനം ക്ഷീരസംഘം, തൃപ്പൂണിത്തുറ ക്ഷീരസംഘം എന്നീ ക്ഷീരസംഘങ്ങളിലെ 111 ക്ഷീരകർഷകർക്ക് (യഥാക്രമം 28, 83 ) ₹1000000/- പാലളവിന് അനുസൃതമായി സബ്സിഡി നല്കിയിട്ടുണ്ട്.നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് വന്നതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക (₹) | അക്കൗണ്ട് നം. | ബിൽ നം./തീയതി. | UTR Status |
|---|---|---|---|---|---|
| 1 | ലിമിൽ പ്രകാശ് | 63 | 151215500001340 | 1/22-23, 22-11-22 | Returned To Govt.. |
| 2 | രെതി | 1734<br>258<br>123 | 40551100002703 | 1/22-23,22-11-22<br>4/22-23,12-12-22<br>3/22-23,9-1-23 | Returned To Govt.. |
| 3 | അനിൽകുമാർ ഒ.എസ്. | 10440<br>1263<br>2148<br>1364 | 4060410100098 | 1/22-23,22-11-22/<br>4/22-23,12-12-22<br>3/22-23,9-1-23<br>14/22-23,1-2-23 | Returned To Govt.. |
| 4 | സുനിൽ എ.കെ | 5463<br>1536<br>1584<br>1024 | 50422033988 | 1/22-23,22-11-22<br>4/22-23,12-12-22<br>3/22-23, 9-1-23<br>14/22-23, 1-2-23 | |
| | ആകെ | 27000 | | | |

മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് വരാതിരുന്നതിന്റെ കാരണം, അതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ച തുടർനടപടികൾ എന്നിവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം./14/16.1.24) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മാറിപ്പോയിരിക്കാം എന്നും എന്നാൽ ഗുണഭോക്താക്കൾ വിവരം അറിയിച്ചിരുന്നില്ല എന്നും പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥ ട്രഷറിയിൽ വിവരം അറിയിച്ചിരുന്നു എന്നും അക്കൗണ്ട് നമ്പർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള കാലാവധി കഴിഞ്ഞതിനാൽ ടി തുക "Returned To The Government Account" എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഇത് വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യുമ്പോൾ അക്കൗണ്ട് നമ്പറും അതുമായി ബന്ധപ്പെട്ട വിവരങ്ങളും ശരിയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. അർഹമായ ആനുകൂല്യം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിന്റെ

ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ₹27000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-48 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല**

നഗരസഭയിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല. 1982-83 സാമ്പത്തിക വർഷം മുതൽ അഡ്വാൻസ് തുക ക്രമീകരിക്കുന്നതിനായി ബാക്കി നിൽക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ₹69167364/- മുൻകൂർ ഇനത്തിൽ ക്രമീകരിക്കാതെ ബാക്കിയുണ്ട്. 04.10.2011 ലെ ജി.ഒ (പി) 419/2011/ധനം ഉത്തരവ് പ്രകാരം മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതും(മേൽ ഉത്തരവ് ഖണ്ഡിക-4-III), സമയബന്ധിതമായി ക്രമീകരിച്ചുവെങ്കിലും അധികം അഡ്വാൻസ് തുക തിരികെ അടയ്ക്കേണ്ടിവന്നവരിൽ നിന്നും 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്(മേൽ ഉത്തരവ് ഖണ്ഡിക -4-II). മുൻകൂറുകൾ നൽകുമ്പോൾ മേൽ സർക്കാർ ഉത്തരവിലെ അഡ്വാൻസിന്റെ കാലാവധിയായ മൂന്ന് മാസ പരിധി കർശനമായി പാലിക്കേണ്ടതും, മൂന്നുമാസ കാലാവധി കഴിയുന്ന മുറയ്ക്ക് ഖണ്ഡിക -4-III ക്രമീകരിക്കാത്തവരിൽനിന്നും മുഴുവൻ അഡ്വാൻസ് തുകയും 18% നിരക്കിൽ പലിശ സഹിതം ഒറ്റത്തവണയായി ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിക്കാത്തവരിൽനിന്നും മേൽ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.28/17.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുൻകൂർ തുകകൾ എത്രയും വേഗം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-49 നഗരസഭാ കാര്യാലയത്തിലേക്ക് സോളാർ ഇൻവർട്ടർ ബാറ്ററി വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല**

| ചെക്ക് നമ്പർ/തീയതി | 707979/31.08.2022 | 893941/15.10.2022 |
|---|---|---|
| തുക | 106256/- | 98700/- |
| ഫയൽ നമ്പർ | G5-048/13 | |

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ജി.ഒ(ആർ.ടി)നം.67/2017/എസ്.പി.ഡി/തീയതി.25.11.2017 ലെ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വാങ്ങലുകൾ നടത്തേണ്ടത് GeM മുഖേനയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. സാധന സാമഗ്രികളുടെ കൃത്യമായ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് വാങ്ങലുകൾ നടത്തേണ്ടതാണ്. എന്നാൽ നഗരസഭയിൽ സോളാർ ഇൻവർട്ടർ ബാറ്ററി വാങ്ങിയിട്ടുള്ളത് പുല്ലേപ്പടിയിലെ ടീം ഐ ടി കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.31/17.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശ പ്രകാരം വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-50 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

നഗരസഭയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതിന് ഓഡിറ്റ് എൻക്വയറി(നം.38/19.01.2024) മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ | പ്രോജക്റ്റ് | തുക നൽകിയ | അടങ്കൽ | ചെലവഴിച്ച |
|---|---|---|---|---|

| നം | | സ്ഥാപനത്തിന്റെ പേര് | തുക (₹) | തുക(ബിൽ നം./തുക) (₹) |
|---|---|---|---|---|
| 1 | വാട്ടർ ലൈൻ എക്സ്റ്റൻഷൻ,91/23 | കേരള വാട്ടർ അതോറിറ്റി | 500000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5,00,000/-(448 /24.03.2023) |
| 2 | വിവിധ വാർഡുകളിൽ വാട്ടർ ലൈൻ എക്സ്റ്റൻഷൻ, 288/23 | കേരള വാട്ടർ അതോറിറ്റി | 2000000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 20,00,000/-(9559 /25.03.2023) |
| 3 | വിവിധ വാർഡുകളിൽ വാട്ടർ ലൈൻ എക്സ്റ്റൻഷൻ, 464/23 | കേരള വാട്ടർ അതോറിറ്റി | 2820000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 28,20,000/-(3460 /25.03.2023) |
| 4 | വിവിധ വാർഡുകളിൽ വാട്ടർ ലൈൻ എക്സ്റ്റൻഷൻ, 486/23 | കേരള വാട്ടർ അതോറിറ്റി | 3000000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 30,00,000/-(4168 /25.03.2023) |
| | | ആകെ | | ₹ 83,20,000/- |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹83,20,000/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-50-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നഗരസഭയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതിന് ഓഡിറ്റ് എൻക്വയറി(നം.38/19.01.2024) മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക(ബിൽ നം./തുക) |
|---|---|---|---|
| വൈദ്യുതി ലൈൻ നീട്ടൽ,08/23 | കെ എസ് ഇ ബി | 1)38100/-(വികസന ഫണ്ട്-ജനറൽ) 2)492584/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)37576/-(54 /28.08.2022) 2)492584/-(54 /28.08.2022) |
| | ആകെ | | ₹ 530160/- |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹5,30,160/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-50-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നഗരസഭയിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇതിന് ഓഡിറ്റ് എൻക്വയറി(നം.38/19.01.2024) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക(ബിൽ നം./തുക) |
|---|---|---|---|

| | | | |
|---|---|---|---|
| ഐ കെ എം വിഹിതം നൽകൽ,86/23 | ഐ കെ എം | 355395/-<br>(വികസന ഫണ്ട്-ജനറൽ) | 355395/-(294 /20.02.2023) |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹355395/-യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-51 അങ്കണവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ-അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, & നം. | 31 അംഗണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ, 28/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ | ₹93,000/- (തനത് ഫണ്ട്) |
| ചെലവ് | ₹93,000/- |
| ബിൽ നം. | 522020 തീയതി 31.03.2023 |

നഗരസഭാ പരിധിയിലെ അങ്കണവാടികളിൽ 2022-23 സാമ്പത്തിക വർഷം നെയിംബോർഡ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും മൂന്ന് സ്ഥാപനങ്ങൾ ആയതിൽ പങ്കെടുക്കുകയും ചെയ്തു. നികുതിയുൾപ്പെടെ കുറവ് തുക ക്വാട്ട് ചെയ്തത് പെർഫെക്ട് അഡ്വർട്ടൈസേഴ്സ്, മൂവാറ്റുപുഴ എന്ന സ്ഥാപനമാണ്. ഒരു നെയിംബോർഡിന് നികുതികൾ ഉൾപ്പെടെ 2750/-രൂപയാണ് ക്വാട്ട് ചെയ്തത്. ഈ ക്വട്ടേഷൻ നഗരസഭാ കൗൺസിൽ 04.02.2022 ലെ 30(30)തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആകെ 31 നെയിംബോർഡുകളാണ് സ്ഥാപിച്ചത്. എന്നാൽ ക്വാട്ട് ചെയ്തതിനേക്കാൾ അധിക തുകയാണ് പെർഫെക്ട് അഡ്വർട്ടൈസേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയത്. അധിക തുക നൽകിയതിന്റെ കാരണം വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.46/19.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിശദ വിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

### 1-52 പ്രഭാത ഭക്ഷണം- പ്രത്യേക അക്കൗണ്ടിൽ തുക സൂക്ഷിക്കുന്നില്ല

ഫയൽ നമ്പർ: G3-417/2018

നഗരസഭയിലെ വിവിധ സർക്കാർ സ്കൂളുകളിൽ പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിനായി കൊച്ചിൻ ബി പി സി എല്ലിൽ നിന്നും തുക അനുവദിച്ച് നൽകുന്നുണ്ട്. സി എസ് ആർ ഫണ്ടായി ലഭിക്കുന്ന തുക നഗരസഭയുടെ തനത് ഫണ്ടിൽ തന്നെ ക്രഡിറ്റ് ചെയ്യുകയാണ്. ആയതിന് ശേഷം എരുർ കെ എം യു പി സ്കൂൾ ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിലേക്ക് നൽകുകയാണ്. ആയതിനാൽ ഈയിനത്തിൽ ലഭിക്കുന്ന തുക മുഴുവനായും ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിലേക്ക് നൽകുന്നത് സംബന്ധിച്ച വിവരത്തിന്റെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് കഴിയുന്നില്ല. പ്രത്യേക ACR സൂക്ഷിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.62/20.01.2024)നൽകിയതിന് മറുപടി ലഭിച്ചില്ല. പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിനായി കൊച്ചിൻ ബി പി സി എല്ലിൽ നിന്നും അനുവദിക്കുന്ന തുക ഈ ആവശ്യത്തിനായി തന്നെ ചെലവ് ചെയ്യുന്നു എന്നതിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-53 ബയോഗ്യാസ് പ്ലാന്റ്-പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ്, നം. | ബയോഗ്യാസ് പ്ലാന്റ് വിതരണം, S015/23 |
| അടങ്കൽ | ₹,819,600/- |
| ഫയൽ നമ്പർ | PH-12363/21 |
| ചെലവ് തുക | 1) 118800/-<br>2) 13200/- |
| ചെക്ക് നമ്പർ/തീയതി | 1)PPA2800/01.09.2022<br>2) 515024/20.01.2023 |

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ |
|---|---|

2021-22 സാമ്പത്തിക വർഷം 100 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആയത് പ്രകാരം ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലൂ ഹെലിയം ബയോ, തൊടുപുഴ എന്ന അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുകയും 31.12.2021 ൽ ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. ₹12000/- വില വരുന്ന ബയോഗ്യാസ് പ്ലാന്റിന് 100 ഗുണഭോക്താക്കളും ₹1200/- വീതം ഗുണഭോക്തൃ വിഹിതമായി അടയ്ക്കുകയും ചെയ്തു. 100 എണ്ണം വിതരണം ചെയ്യുന്നതിനായി ആവശ്യപ്പെട്ടുവെങ്കിലും എന്നാൽ 41 ഗുണഭോക്താക്കൾക്ക് മാത്രമാണ് ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തത്. നിരവധി തകരാറുകൾ ബയോഗ്യാസ് പ്ലാന്റിന് ശ്രദ്ധയിൽപ്പെട്ടതിനാൽ ഗുണഭോക്താക്കൾ പിന്നീട് ആയത് വാങ്ങുന്നതിന് തയ്യാറായില്ല. നിലവിൽ ഈ ബയോഗ്യാസ് പ്ലാന്റുകൾ മെയിന്റനൻസ് നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും, ബാക്കിയുള്ള 59 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരവും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(63/20.01.2024) നൽകിയതിന് മറുപടി ലഭിച്ചില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ക്ഷമതയുള്ള ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-54 ടെണ്ടർ ഫീസ് നാളിതുവരെ നഗരസഭാ ഫണ്ടിലേയ്ക്ക് വരവ് വന്നതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.**

നഗരസഭയിൽ നിലവിൽ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ട് വിവരം ലഭ്യമല്ല. ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത് എവിടെയാണെന്ന് വ്യക്തമല്ല. വാർഷിക കണക്ക് R&P Schedule (Head 150110102) പ്രകാരം ടെണ്ടർ ഫീസ് ഇനത്തിലെ നീക്കിയിരുപ്പ് തുക ₹11,62,096/- യാണ്. എഞ്ചിനീയറിങ്ങ് സെക്ഷനിൽ പ്രസ്തുത കണക്കുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുക സംബന്ധിച്ച് വ്യക്തതയില്ല. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് 28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ. യിൽ അക്കൗണ്ട് തുടങ്ങുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ അനുമതി നല്കിയിട്ടുണ്ട്.

മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുകയുടെ കൃത്യത പ്രതിമാസ/ പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതും നീക്കിയിരുപ്പ് തുക മുനിസിപ്പൽ ഫണ്ടിലയ്ക്ക് മാറ്റി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്. മേൽ പരാമർശം സംബന്ധിച്ച് നൽകിയ (നം.60/20.01.24) ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് എത്രയും വേഗത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

**1-55 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കണ്ട പൊതു ന്യൂനതകൾ.**

നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലും കണ്ട പൊതു ന്യൂനതകൾ ചുവടെ ചേർക്കുന്നു :-

1. പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പറാണ് ഫയലിലും സൂക്ഷിച്ചിട്ടുള്ളത്.

2. ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല :-

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(II) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ എല്ലാത്തിലും രേഖപ്പെടുത്തുന്നില്ല.

(III) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം എല്ലാത്തിലും രേഖപ്പെടുത്തുന്നില്ല.

3. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന മുദ്രപത്രത്തിലുള്ള കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

4. കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ടത് പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

5. തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന നികുതികളുടെ ഒടുക്കു വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

6. ചില ഫയലുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. കൂടാതെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7. മരാമത്ത് പ്രവൃത്തികൾക്ക് ഒന്നും റോഡിന്റെ സ്കെച്ചും പ്ലാനും തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8. റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. ഇപ്രകാരം ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ ചെയ്ത പ്രവൃത്തി എവിടെയാണെന്ന് കൃത്യമായി കണ്ടുപിടിക്കാനും പരിശോധിക്കുന്നവർക്ക് സാധിക്കുന്നില്ല.

9. പൂർത്തിയായ റോഡുകൾ, മറ്റ് ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
10.സ.ഉ (കൈ) നം.86/2022/തസ്വഭവ തീയതി 19-04-2022 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ സംക്ഷിപ്തവിവരം അടങ്ങിയ ഒരു ബോർഡ് അതാത് പണി സ്ഥലത്ത് പ്രകടമായി കാണുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതാണെന്നും ആ ബോർഡിൽ 1997 -ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം17(2) ൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്. പ്രവൃത്തിയുടെ പേര്,വർഷം,ചെലവഴിച്ച തുക,ഫണ്ടിന്റെ ഇനം,തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ആയതിന് വേണ്ട തുക എസ്റ്റിമേറ്റിലുൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് നിർവഹണത്തിൽ മേൽ പരാമർശിച്ച നടപടിക്രമം പാലിച്ചതായി കാണുന്നില്ല.
പ്രസ്തുത ന്യൂനതകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടികളിൽ നെയിം ബോർഡ് സ്ഥാപിക്കൽ-അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, & നം. | 31 അംഗണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ, 28/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| അടങ്കൽ | ₹93,000/- (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹93,000/- |
| ബിൽ നം. | 522020 തീയതി 31.03.2023 |

നഗരസഭാ പരിധിയിലെ അങ്കണവാടികളിൽ 2022-23 സാമ്പത്തിക വർഷം നെയിംബോർഡ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും മൂന്ന് സ്ഥാപനങ്ങൾ ആയതിൽ പങ്കെടുക്കുകയും ചെയ്തു. നികുതിയുൾപ്പെടെ കുറവ് തുക ക്വാട്ട് ചെയ്തത് പെർഫെക്ട് അഡ്വർട്ടൈസേഴ്സ്, മൂവാറ്റുപുഴ എന്ന സ്ഥാപനമാണ്. ഒരു നെയിംബോർഡിന് നികുതികൾ ഉൾപ്പെടെ ₹2750/-യാണ് ക്വാട്ട് ചെയ്തത്. ഈ ക്വട്ടേഷൻ നഗരസഭാ കൗൺസിൽ 04.02.2022 ലെ 30(30)തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആകെ 31 നെയിംബോർഡുകളാണ് സ്ഥാപിച്ചത്. എന്നാൽ ക്വാട്ട് ചെയ്തതിനേക്കാൾ അധിക തുകയാണ് പെർഫെക്ട് അഡ്വർട്ടൈസേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയത്. അധിക തുക നൽകിയതിന്റെ കാരണം വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.46/19.01.2024)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്വാട്ട് ചെയ്ത നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക (₹) |
|---|---|---|---|
| 2750/- | 93000/- | 2750x31=85250/- | 93000-85250=7750/- |

അധികം നൽകിയ ₹7750/- ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതിന്റെ വിവരം |
|---|---|
| 2022-23 | 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക കണക്കുകൾ പരിശോധിച്ചത് |

വാർഷിക കണക്കുകൾ പരിശോധിച്ചതിൻ പ്രകാരം കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-1-1 മുതൽ പ്രസ്താവിച്ചിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്ത പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-2023 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാട്ടർ ലൈൻ നീട്ടൽ 486/23 | 22202150 27/3/23 | 3000000 | 0 | 3000000 |
| | വാട്ടർ ലൈൻ നീട്ടൽ 484/23 | 22202156 27/3/23 | 2820000 | 0 | 2820000 |
| | വാട്ടർ ലൈൻ നീട്ടൽ 91/23 | 22202157 27/3/23 | 500000 | 0 | 500000 |
| | **ആകെ** | | 6320000 | 0 | 6320000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

**ഇല്ല.**

**4-5 വായ്പ / വായ്പ തിരിച്ചടവ്**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സ്ലം സെവലപ്പ്മെന്റ് | -- | 1500510 | 1500510 | - | - | 1500510 |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 47048776.00 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ഉൾപ്പെടെ) | 1134934.00 |
| ആകെ | 48183710.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 28000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20183710.00 |

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 1997-98 | 3-36 | 2006-07 | 4-14(1) | രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച വന്നത് | 58 ലക്ഷം രൂപയുടെ ഫയൽ ലഭിച്ചിട്ടുള്ളതും ആയത് നിയമസഭാ സമിതിക്ക് മുൻപാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. |
| | | 2014-15 | 131 | 2004 ലെ കൗൺസിൽ തീരുമാന പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡ് തുക കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല. യഥാർത്ഥ നഷ്ടം | നടപടികൾ പുരോഗമിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | വിലയിരുത്തി ഉത്തരവാദികളായ ME, സെക്ഷൻ ക്ലെർക്ക് എന്നിവരിൽ നിന്നും ഈടാക്കുവാൻ നിർദ്ദേശം | |
| | | 2014-15 | 132 | ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മാണം - സർക്കാർ അംഗീകാരമില്ലാത്തതിനാൽ വിഭാവനം ചെയ്ത രൂപത്തിൽ നടപ്പാക്കാനായില്ല. ഭൂമി ഗുണഭോക്താ ക്കൾക്ക് വിതരണം ചെയ്ത് വീട് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം | നടപടികൾ പുരോഗമിക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹54,56,40,196.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹45,95,31,131.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹7,750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1,66,34,971 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 7750 | ശ്രീ സുഗതകുമാർ എം, സെക്രട്ടറി |
| ആകെ | | ₹7750 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | ₹15,00,000/- | ശ്രീ. മീരാൻ കുഞ്ഞ് ഇ.എം പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| 1-26 | ₹7,63,000/- | ശ്രീ. മീരാൻ കുഞ്ഞ് ഇ.എം പ്രോജക്ട് ഓഫീസർ, |

| | | |
|---|---|---|
| | | നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| 1-28 | ₹1,91,675/- | ഡോ സുമ സി<br>സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 1-31 | ₹7,400/- | ശ്രീമതി ബിന്ദു.വി<br>പട്ടികജാതി വികസന ഓഫീസർ |
| 1-32 | ₹114450/- | ശ്രീ. മീരാൻ കുഞ്ഞ് ഇ.എം<br>പ്രോജക്ട് ഓഫീസർ,<br>നഗരദാരിദ്യനിർമ്മാർജ്ജനസെൽ |
| 1-33 | ₹33,41,775/- | ശ്രീ. മീരാൻ കുഞ്ഞ് ഇ.എം,<br>പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| 1-34 | ₹12,60,116/- | ശ്രീ. മീരാൻ കുഞ്ഞ് ഇ.എം<br>പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| 1-40 | ₹2,00,000/- | ശ്രീ. മീരാൻ കുഞ്ഞ് ഇ.എം<br>പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ ലഘൂകരണ സെൽ |
| 1-46 | ₹24,000/- | ശ്രീ.അഭിലാഷ് കുമാർ എച്ച്,<br>സെക്രട്ടറി |
| 1-47 | ₹27,000/- | ശ്രീമതി. ഹരിത<br>ക്ഷീരവികസന ഓഫീസർ |
| 1-50 | ₹<br>83,20,000/- | ശ്രീ.സുഗതകുമാർ എം,<br>സെക്രട്ടറി |
| 1-50-1 | ₹ 5,30,160/- | ശ്രീ.അഭിലാഷ്കുമാർ എച്ച്,<br>സെക്രട്ടറി |
| 1-50-2 | ₹3,55,395/- | ശ്രീ.അഭിലാഷ്കുമാർ എച്ച്,<br>സെക്രട്ടറി |
| **ആകെ** | **₹1,66,34,971/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. മീരാൻ കുഞ്ഞ് ഇ.എം<br>പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ ലഘൂകരണ സെൽ, തൃപ്പൂണിത്തുറ | ഇടയപുരം<br>പല്ലാരിമംഗലം<br>കോതമംഗലം |
| 2 | ഡോ. സുമ സി<br>സൂപ്രണ്ട്,<br>താലൂക്ക് ഹോസ്പിറ്റൽ | സൂപ്രണ്ട് , താലൂക്ക് ഹോസ്പിറ്റൽ, തൃപ്പൂണിത്തുറ | സുബിന്ദു<br>ടെംമ്പിൾ റോഡ്,<br>കടവന്ത്ര |
| 3 | ശ്രീമതി. ബിന്ദു.വി<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, തൃപ്പൂണിത്തുറ | കോമന<br>ഉത്തമപുരം<br>അമ്പലപ്പുഴ |
| 4 | ശ്രീമതി. ഹരിത<br>ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ, പാലക്കാട് | രാജപ്രിയ<br>അവലൂക്കുന്ന് പി ഒ<br>ആലപ്പുഴ |

| | | | |
|---|---|---|---|
| 5 | ശ്രീ. സുഗതകുമാർ എം, സെക്രട്ടറി | സെക്രട്ടറി, ഏറ്റുമാനൂർ നഗരസഭ | 6/759-1, റീത്ത രാമനാഥപുരം ലെയിൻ, പാലക്കാട് – 678001 |
| 6 | ശ്രീ. അഭിലാഷ്കുമാർ.എച്ച്, സെക്രട്ടറി | സെക്രട്ടറി, ഗുരുവായൂർ നഗരസഭ | ശ്രീഹരി,തൊണ്ടൻകുളങ്ങര, അവലക്കുന്ന് പി.ഒ, ആലപ്പുഴ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(എം.2)1658/99/01.12.00 |
| 1997-98, 1998-99 | എൽ.എഫ്.ഇ.(എം.2)345/03/1.1.04 |
| 1999- 2000 ചെലവ് | എൽ.എഫ്.ഇ.(എം.2)1348/04/05.11.05 |
| 1996-97വരവ് | എൽ.എഫ്.ഇ.(എം.2)-438/05/28.12.05 |
| 1997-98വരവ് | എൽ.എഫ്.ഇ.(എം.2)- 446/06/1.2.2006 |
| 1998-99വരവ് | എൽ.എഫ്.ഇ.(എം.1) -657/06/7.10.2006 |
| 1999-2000 വരവ് | എൽ.എഫ്.ഇ.(എം.1) 657/06/ 7.10.2006 |
| 2000-01 ചെലവ് | എൽ.എഫ്.ഇ.(എം.1) -602/06/11.07.07 |
| 2000-01 വരവ് | എൽ.എഫ്.ഇ.(എം.1)782/07/10.09.08 |
| 2001-02 | എൽ.എഫ്.ഇ.(എം.2)356/08/12.05.09 |
| 2002-03 | എൽ.എഫ്.ഇ.(എം.2)456/08/16.06.09 |
| 2003-04 | എൽ.എഫ്.ഇ.(എം.2)1203/10/03.10.11 |
| 2004-05 | എൽ.എഫ്.ഇ.(എം.2)-1204/10/03.10.11 |
| 2005-06 | എൽ.എഫ്.ഇ.(എം.2)844/11/03.02.12 |
| 2006-07 | എൽ.എഫ്.ഇ.(എം.2)748/08/09.06.09 |
| 2007-08 | എൽ.എഫ്.ഇ.(എം.2)196/09/07.04.10 |
| 2008-09 | എൽ.എഫ്.ഇ.(എം.2)845/ 11/19.12.11 |
| 2009-10 | എൽ.എഫ്.ഇ.(എം.2)1295/11/15.05.12 |
| 2010-11 | എൽ.എഫ്.ഇ.(എം.2) 20/13/02.03.13 |
| 2011-12 | എൽ.എഫ്.ഇ.(എം.2)682/14/14.10.14 |
| 2012-13 | എൽ.എഫ്.ഇ.(എം.2)481/15/07.08.15 |
| 2013-14, 2014-15 | കെ.എസ്.എ.- ഇ.കെ.എം.(എം.2)1335/16/01.08.16 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം. (എം.2)171/2107.02.17 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(എം.2)1737/17/22.09.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം. (എം.2)8/19/19.03.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(എം.2)1850/19/20.02.20 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(എം.2)319/22/05.07.22 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(എം.2)1407/22/22.08.22 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(എം.2) 2132/22 /20.04.23 |

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thripunithura Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thripunithura Municipality for the year 2022-2023

Date: 20/03/2024

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Thripunithura Municipality for the Year 2022-2023 .

**1.Major Observations**

1. Non inclusion of notes to accounts in financial statements and non-disclosure of material facts.

2. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
3. Lack of Municipal act Budget rules adversely affecting budgetary control system.
4. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. Closing balance of SBI total sanitation account,Treasury special TSB account are not verified as the statements nà´¶àµà´°àµ. ot produced for audit.

2. The dues to central and state government dues remaining unpaid as per B-9 schedule of balance sheet.
3. The loan details in the AFS are not verified as the loan accounts details are not produced for audit.
4. The bank reconciliation of state bank of india own fund account is not correct.
5. The ratios and notes on accounts as per kerala muncipality accounts rules 2007 not included in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്